# പ്രസന്നകേരളം

എം. പി. പോൾ

## "സംഗീതമപി--"

സംഗീതസാഹിത്യങ്ങളെപ്പററി എന്തെങ്കിലും പറയുവാൻ തുടങ്ങുമ്പോൾ സരസ്വതി അമ്മയുടെ ഉത്തരീയം പൊക്കിനോക്കുക നമ്മുടെ എഴുത്തുകാർക്കു പണ്ടേ മുതൽക്കുള്ള ഒരു സുഖക്കേടാണ്. ആ അലങ്കാരം ഒരിക്കൽ കേൾക്കാൻ കൊള്ളാം അതു പേർത്തു പറയുന്നതിൽ യാതൊരു രസവുമില്ല. തല്ക്കാലം നമുക്കതു കൂടാതെ കഴിക്കാം "എനിക്കു മുശിരിയുടെ പാട്ടാണിഷ്ടം" "എനിക്കു അരിയാക്കുടിയുടേതാണിഷ്ടം" "അപ്പനേതാണിഷ്ടം ?" ഈ വാദത്തിൽ മാദ്ധ്യസ്ഥം വഹിക്കേണ്ടി വന്നപ്പോൾ എനിക്കു തോന്നിയ യുക്തി ഇങ്ങനെയാണ്:—രണ്ടും രണ്ടു വഴിക്കു നല്ലതാണ്. മുശിരിയുടെ സംഗീതം വള്ളത്തോളിന്റെ കവിത പോലെയും അരിയാക്കുടിയുടേതു് കുമാരനാശാന്റെ കവിത പോലെയും ആണെന്നു പറയാം. ഈ ചിന്താഗതി, നമ്മുടെ മററു കവികൾക്കു് ഇതര കർണ്ണാടക സംഗീത വിദ്വാന്മാരോടുള്ള സാമ്യം കാണ്മാൻ എന്നെ സഹായിച്ചതിന്റെ ഫലമാണ് ഈ ലേഖനം.

മുശിരി സുബ്രഹ്മണ്യയ്യരുടെ സംഗീതം സ്വച്ഛവും രസനിഷ്യന്ദിയുമായ ഒരു "ഡക്കവേല"യാണ്. ഒരേ ഒരു ഭാവമേ അതിൽ സ്ഫുരിക്കുന്നുള്ളു. നിറഞ്ഞ ഭക്തി. രാഗാലാപം ചെവി കുളർപ്പിക്കുന്നതും മനം മയക്കുന്നതുമാണ്. വള്ളത്തോളിന്റെ ശൈലിയിലെന്നപോലെ ഏതു ഭാവവും അതിൽ ലയിക്കും. ആഴമില്ലെങ്കിലും അതു നിർമ്മലമാണ്. അതു നമ്മെ ചിന്തിപ്പിക്കുകയില്ല. നമ്മുടെ മനസ്സിനെ ഉണർത്തുകയില്ല. എന്നാലും അതിന്റെ അനുരണനം ഒരു ഭാവ വിശേഷത്തിന്റെ പ്രതീതി നമ്മിൽ ഉളവാക്കി ആനന്ദ നിർവൃതിയിൽ നമ്മെ ലയിപ്പിക്കുന്നു.

അരിയാക്കുടി രാമാനുജയ്യങ്കാരുടെ ഗാനം നമ്മെ അനുസ്മരിപ്പിക്കുന്നതു് ഹിമവാന്റെ ഔന്നത്യത്തെയോ അഥവാ പശ്ചിമ വാരിധിയുടെ ഇരമ്പലിനേയോ ആണെന്നു് ഒരു ആരാധകൻ പറയുകയാണെങ്കിൽ അതിൽ വലിയ അതിശയോക്തിയൊന്നുമില്ല. രാഗം, താളം, പല്ലവി, സ്വരം എന്നിവയെല്ലാം ഔചിത്യത്തിന്റെ പാരമ്യത്തിൽ കൈകാര്യം ചെയ്യുന്ന മറെറാരു സംഗീതവിദ്വാൻ തെക്കെ ഇൻഡ്യയിലില്ല. അധികമായാൽ അമൃതും വിഷമാണെന്നു് ഇത്ര നിഷ്കർഷയോടു മനസ്സിലാക്കിയിട്ടുള്ള ഒരു കലാകാരനില്ല. കുമാരനാശാന്റെ കവിതയിലെന്നപോലെ, സ്വരത്തിൽ മാധുര്യത്തേക്കാൾ ഗാംഭീര്യമാണ് മുന്നിട്ടു നിൽക്കുന്നതു്. ഭക്തിയാണ് കീർത്തനങ്ങളുടെ വിഷയം എന്നിരുന്നാലും അതു നിലത്തുകിടന്നിഴയുന്ന ദാസ്യ പ്രകടനമല്ല. ഈശ്വരനേയും വെല്ലുവിളിക്കയാണെന്നു തോന്നും അദ്ദേഹത്തിന്റെ ഗാനം കേട്ടാൽ "ഉപഗുപ്ത"ന്റെ ശാന്ത ഗംഭീരതയും "ദിവാകര"ന്റെ ലാളിത്യവും "ചാത്ത"ന്റെ സ്വച്ഛതയും "ബുദ്ധദേവ"ന്റെ മഹൌന്നത്യവും "അരിയാക്കുടി"യുടെ ഗാനത്തിൽ നമുക്കനുഭവപ്പെടുന്നു. അവിടവിടെ അല്പം ക്ലിഷ്ടത കണ്ടേക്കാം. എന്നാൽ ആ ഗാനപ്രവാഹത്തിന്റെ ഭാവസ്ഫുരണത്തിൽ അതു് അദൃശ്യപ്രായമായിത്തീരുന്നു.

ചെമ്പായി വൈദ്യനാഥയ്യരുടെ ശൈലി മൂന്നാമതൊന്നാണ്. ശാസ്ത്രജ്ഞാനം കട്ടകുട്ടി. അഭ്യാസബലം കൊണ്ടു് ഒരു ഇട നിലയിൽ നിന്നു് അദ്ദേഹത്തിന്റെ ഗാനം ഒരിക്കലും താഴാറില്ല. എന്നാൽ അതിൽ നിന്നു് പറയത്തക്ക വണ്ണം ഉയരാറുമില്ല. മഹാകവി ഉള്ളൂരിന്റെ പരപ്പാർന്ന പാണ്ഡിത്യമാണ്, ചെമ്പായി നമ്മെ അനുസ്മരിപ്പിക്കുന്നതു്. ഔചിത്യം പലേടത്തും വിരളമായിക്കാണാം. സ്വരം ചൊല്ലുമ്പോൾ, ഓട്ടു കലത്തിലിട്ടു മലരു വറക്കുന്നതു പോലയോ, തിളച്ച വെളിച്ചെണ്ണയിൽ കടുകു പൊട്ടുന്നതു പോലെയോ ഉള്ള ഒരനുഭവമാണ് നമുക്കുണ്ടാകുന്നതു്. ശബ്ദ കുബേരത്വത്തിൽ ചെമ്പായിയും ഉള്ളൂരും അദ്വിതീയന്മാരാണ്. എത്ര നേരം പാടിയാലും ആ കനത്ത ശാരീരത്തിനു് ഒരു കോട്ടവും സംഭവിക്കയില്ല. എന്നാൽ കലാകാരനും കലാഭാവവും ഒരിക്കലും ഒന്നു ചേരുന്നതായി കാണുന്നില്ല.

ചെമ്പായിയോളം ശബ്ദജ്ഞാനമില്ലെങ്കിലും അദ്ദേഹത്തെക്കാൾ പ്രയോഗ സ്വാതന്ത്ര്യവും നൂതനത്വവും ശെമ്മാങ്കുടി ശ്രീനിവാസയ്യരുടെ സംഗീതത്തിനുണ്ടു്. ശെമ്മാങ്കുടി പാട്ടു പാടുന്നതു് ദയനീയമായൊരു കാഴ്ചയാണ്. വളരെ വളരെ പണിപ്പെട്ടാണ് കണ്ഠനാളത്തിൽ നിന്നു് ശബ്ദത്തെ വലിച്ചെടുക്കുന്നതു്. ജി. ശങ്കരക്കുറുപ്പിന്റെ പദപ്രയോഗത്തെയാണു നമ്മെ അനുസ്മരിക്കുന്നതു് കലാനിർമ്മാണത്തിലുള്ള ക്ലേശം മറച്ചുവയ്ക്കാൻ ഇരുവർക്കും സാധിക്കുന്നില്ല. എന്നാൽ ഈ ബാഹ്യാരിഷ്ടത കണ്ടില്ലെന്നുവച്ച് ഉള്ളിലേക്കു ചുഴിഞ്ഞുകയറിയാൽ അസാധാരണമായ ഒരാനന്ദാനുഭൂതിയാണ് അവർ നമുക്കു പ്രദാനംചെയ്യുന്നതു്. ശെമ്മാങ്കുടി തനിക്കു ദുഷ്പ്രാപ്യമായ സ്വരൗന്നത്യത്തിലേക്കു് വലിഞ്ഞുകയറുവാൻ ശ്രമിക്കുന്നതുപോലെ ശങ്കരക്കുറുപ്പും ആർക്കും എത്തും പിടിയുമില്ലാത്ത പ്രപഞ്ചരഹസ്യത്തിലേക്കു ചുഴിഞ്ഞുകയറുവാൻ ശ്രമിക്കുന്നതായി കാണാം. തെളിച്ച വഴിയെ പോകാൻ ഇരുവരും പഠിച്ചിട്ടില്ല. പോകുന്നവഴിയെ തെളിച്ചുകൊണ്ടു് അവർ അങ്ങനെ പ്രയാണം ചെയ്യുന്നു. ചിലപ്പോൾ നിരുപമമായ രസാതിശയവും മററു ചിലപ്പോൾ ദുസ്സഹമായ കാർക്കശ്യവുമാണ് നമുക്കനുഭവപ്പെടുന്നതു്.

സംഗീതത്തെ ബഹുജനങ്ങളുടെ വിനോദമാക്കുവാൻ സിനിമാ നടനായ ത്യാഗരാജഭാഗവതരെപ്പോലെ മററാർക്കും കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. "മായാപ്രപഞ്ചം" ഇപ്പോൾ കേൾക്കാതായിരിക്കുന്നു. എന്നാൽ ഏതാനും കൊല്ലങ്ങൾക്കുമുമ്പു് അതേ കേൾക്കാനുണ്ടായിരുന്നുള്ളു. അതുപോലെതന്നെ ചങ്ങമ്പുഴയുടെ കവിതയിലെ രണ്ടുമൂന്നുവരിയെങ്കിലും ചൊല്ലാത്തവരായി കേരളത്തിലാരുംതന്നെ ഉണ്ടെന്നുതോന്നുന്നില്ല. സംഗീതമാധുരിനോക്കുമ്പോൾ കിട്ടപ്പായോടാണ്, ചങ്ങമ്പുഴസാദൃശ്യം വഹിക്കുന്നതു്. ഇത്ര ചെറുപ്പത്തിൽ ഇത്ര പ്രസിദ്ധനായിത്തീർന്ന ഒരു ഗായകൻ ദക്ഷിണേന്ത്യയിലില്ല. പറയത്തക്ക പാണ്ഡിത്യമൊന്നുമില്ലെങ്കിലും കിട്ടപ്പായെപ്പോലെ പാടാൻ തനിക്കൊരിക്കലും സാധിക്കുകയില്ലെന്നു് സംഗീതശാസ്ത്രപാരംഗതനായ ചെമ്പായി വൈദ്യനാഥയ്യർ പറയുന്നതു് ഇതെഴുതുന്ന ആൾ കേട്ടിട്ടുണ്ടു്.

ഇങ്ങിനെ സാദൃശ്യം അന്വേഷിച്ചുപോയാൽ അവസാനമില്ല. വെണ്ണിക്കുളത്തെ മധുരമണി അയ്യരോടും, നാലപ്പാടനെ മുടികൊണ്ടനോടും, ബാലാമണി അമ്മയെ രാജ പുഷ്പവനത്തോടും ലളിതാംബികാ അ

(ശേഷം 12-ാംപേജിൽ)

## വിഷയവിവരം

1. "സംഗീതമപി —" എം. പി. പോൾ
2. സാമൂഹ്യാചാരങ്ങൾ—മിസ്സ് അക്കമ്മ ചെറിയാൻ
3. ജനങ്ങളുടെ കൊച്ചി— ഇ. ഇക്കണ്ടവാര്യർ
4. എന്റെ മകൻ-(ചെറുകഥ)— പി. സി കുട്ടികൃഷ്ണൻ
5 നമ്മുടെ സാഹിത്യ നിരൂപണം— എ. ബാലകൃഷ്ണപിള്ള
6. പതിമൂന്നാം പേജ്— ബാലൻ
7 തൊഴിലാളിലോകം
8. ആനന്ദശിവറാം—ലൂസിലൈററ്ഫൂട്ട്
9. മാററം— വി. സി. ചാക്കോ
10. കുറുവുന്ന പാമ്പ്(വിനോദം)—ഗോപി
11. പച്ചക്കളവുകൾമാത്രം ( സിനിമാ )— സുകുമാർ

പ്രസന്നകേരളം
ദേശീയവാരിക
പുസ്തകം 18 ലക്കം 13
28—7—46.
വില അണ 2.

മിസ്സ് അക്കമ്മ ചെറിയാൻ

# സാമൂഹ്യാചാരങ്ങൾ

ശിശുക്കൾ സ്വയം അനുവർത്തിക്കേണ്ട മര്യാദക്രമങ്ങളെക്കുറിച്ച് കഴിഞ്ഞ ലേഖനത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. ഇനിയും സാമൂഹ്യജീവിതത്തിൽ മററുള്ളവരോടുള്ള പെരുമാററരീതിയെപ്പററി ശിശുക്കൾ എന്തെല്ലാമറിഞ്ഞിരിക്കണമെന്നും അദ്ധ്യാപകർ അവരെ പരിചയിപ്പിക്കേണ്ടതു് എങ്ങിനെയാണെന്നും പരിശോധിക്കാം. കുട്ടികൾ മുതിൻ വരുമ്പോൾ മററുള്ളവരോടുള്ള ഇടപാടിൽ സൂക്ഷിക്കേണ്ട അനേക കാര്യങ്ങളുണ്ടു്.

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം"

എന്നുള്ള തത്വം എത്രയും അനുഭവസാധാരണമായ ഒന്നാണല്ലോ. അതിനാൽ ചെറുപ്പകാലത്തു് മററുള്ളവരോടുള്ള വർത്തനരീതിയിൽ എന്തെല്ലാം സൂക്ഷിക്കേണ്ടതായിട്ടുണ്ടെന്നുള്ളതു് കുട്ടികളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. പാശ്ചാത്യരുടെയും പൗരസ്ത്യരുടെയും പെരുമാററരീതികൾക്കു് സാരതരമായ വ്യത്യാസങ്ങളുണ്ടു്. ഓരോ നാട്ടുകാരുടെയും രീതികളനുസരിച്ചു തങ്ങളുടെ കുട്ടികളെ പരിശീലിപ്പിക്കുവാൻ അദ്ധ്യാപകർ ശ്രമിക്കണം. പാശ്ചാത്യരുടെ ചില ആചാരങ്ങൾ കേവലം കപടമായ ലൗഹ്യപ്രകടനമാണെന്നു ചിലർ കുററം പറഞ്ഞേക്കാം. പക്ഷെ അവരുടെ എല്ലാ ആചാരമര്യാദകളും അനുകരണീയമല്ലെങ്കിലും ചിലതെല്ലാം അഭിഗമ്യങ്ങളുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

മറെറാരാളിനെ കാണുമ്പോൾ അയാളെ അഭിവാദനം ചെയ്യുന്ന രീതിയാണു് ഒന്നാമതായി കുട്ടികൾ പഠിക്കുവാനുള്ളതു്. അതു പാശ്ചാത്യമാതൃകയിലാകണമെന്നില്ല. തല അല്പം വണക്കി കൂപ്പുകൈകളോടുകൂടെ അഭിവാദ്യം ചെയ്യുന്ന രീതിയാണു് പൗരസ്ത്യരായ നമുക്കു് ഏററവും അഭികാമ്യമായിട്ടുള്ളതു്. ഒരാളെ സ്വീകരിച്ചു് ഇരിപ്പിടം കൊടുത്തു് ഇരുത്തുന്ന കാര്യത്തിലും ശ്രദ്ധിക്കുവാനുണ്ടു്. അതിഥിയെ എത്രയും ആദരവോടുകൂടെ സ്വാഗതം ചെയ്യുകയും മാന്യമായ ഇരിപ്പിടം കൊടുത്തതിന്റെ ശേഷം ഹൃദ്യമായവിധത്തിൽ കുശലപ്രശ്നം നടത്തുകയും ചെയ്യേണ്ടതാണു്. അതിഥിയുടെ മുമ്പിൽ പൃഷ്ഠം തിരിഞ്ഞു നടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മററുള്ളവർക്ക് സൽക്കാരോപചാരം ചെയ്യുമ്പോഴും പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. കാപ്പിയോ ചായയോ അഥവാ മറേറതെങ്കിലും സാധനമോ കുടിക്കാൻ, കൊടുക്കുന്നതിന് എടുത്തുകൊണ്ടു വരുമ്പോൾ കൈവിരൽ അതിൽ തൊടാതിരിക്കത്തക്കവണ്ണം പ്രത്യേകം കരുതണം. ഒരു പരന്ന പാത്രത്തിൽ ഏതെങ്കിലും പാനീയം നിറച്ച കോപ്പയോ സ്ഫടികപാത്രമോ വച്ചുകൊടുക്കുകയാണെങ്കിൽ കൈവിരൽ അതിൽ പതിയുന്നതല്ല. അതുകൊണ്ടു് ആ രീതി അവലംബിക്കുന്നതു് നല്ലതാണു്. മററുള്ളവർക്കു് ഭക്ഷണം കൊടുക്കുന്ന അവസരത്തിൽ അവരുടെ ഹിതാനുസരണം കൊടുക്കുന്നയാൾ വർത്തിക്കുകയെന്നുള്ളതാണു് മര്യാദ. കൊടുക്കുന്ന ആൾ കൈകൊണ്ടു എടുത്തുകൊടുക്കാതെ മററുള്ളവർതന്നെ എടുത്തുകൊ

ഇ. ഇക്കണ്ടവാര്യർ

# ജനങ്ങളുടെ കൊച്ചി

ഭരണപരിഷ്ക്കാരത്തിൽ കൊച്ചി എല്ലാ നാട്ടുരാജ്യങ്ങളുടെയും മുന്നിലാണു് ഇന്നു സ്ഥിതി ചെയ്യുന്നതെന്നു സമ്മതിക്കാവുന്നതാണു്. എന്നാൽ നിയമസഭയുടെ അധികാരവും ഘടനയും ഏററവും പരിമിതവും യഥാർത്ഥ ജനകീയാഭിലാഷത്തെ പ്രകാശിപ്പിക്കുവാൻ അപര്യാപ്തവുമാണു് എന്നു നാം ഓർക്കേണ്ടതുണ്ടു്. മന്ത്രിമാരുടെ എണ്ണം എത്ര തന്നെ വർദ്ധിപ്പിച്ചാലും രാജ്യത്തിലെ മുതലെടുപ്പിന്റെ മേൽ അധികാരം ചെലുത്തുവാൻ അവർക്കു് അധികാരമില്ലാത്തേടത്തോളം കാലം ശരിയായ ജനപ്രതിനിധികളായി രാജ്യം ഭരിക്കുവാൻ അവർക്കു സാദ്ധ്യമാവുന്നതല്ല. വിദ്യാഭ്യാസപരമായും, രാഷ്ട്രീയമായും, സംഘടനാപരമായും കൊച്ചിയിലെ ജനങ്ങൾ ഒരുയന്ന നില പ്രാപിച്ചുകഴിഞ്ഞിട്ടുണ്ടെന്നും ഏററവും അച്ചടക്കത്തോടും ഉത്തരവാദിത്വബോധത്തോടുംകൂടി അവർ പെരുമാറി വരുന്നുണ്ടെന്നും സർവവിദിതമാണു്. യഥാർത്ഥത്തിൽ, പല കാര്യത്തിലും, സംസ്ഥാന സ്വയംഭരണം ആർജ്ജിച്ചിട്ടുള്ളതും ഈ കായലിന്നപ്പുറത്തുള്ളതുമായ ബ്രിട്ടീഷ് സംസ്ഥാനത്തിലെ സഹോദരന്മാരേക്കാൾ ഉയന്ന ഒരു നിലയാണു് നമുക്കുള്ളതെന്നു അഭിമാനിക്കാവുന്നതാണു്. നാട്ടുരാജ്യങ്ങൾപടെ ഇന്ത്യയിൽ ഏതെങ്കിലും ഒരു പ്രദേശത്തിനു പരിപൂർണ്ണമായ ഉത്തരവാദഭരണത്തിനു് അർഹ

ളുന്നതിന് അനുവദിക്കണം ഇതുപോലെയുള്ള അനേകകാര്യങ്ങൾ സാമൂഹ്യജീവിതത്തിൽ അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ടു്. പലർകൂടി ഒരു വാതലിലൂടെ കടക്കുന്ന സന്ദർഭത്തിൽ സ്ത്രീകൾക്കും പ്രായം കൂടിയവർക്കും മുൻഗണന നൽകണം. സ്വസുഖംവെടിഞ്ഞായാലും മററുള്ളവർക്ക് സൌകര്യം നൽകുന്നതിൽ പ്രത്യേകം കരുതേണ്ടതാണു്. ഈ ഉദാത്തങ്ങളായ മര്യാദക്രമങ്ങൾ ചെറുപ്പം മുതൽക്കേ ശീലിക്കേണ്ടതത്യന്താപേക്ഷിതമത്രേ. നമ്മുടെ നാട്ടുകാർ ആചാരമര്യാദകൾ പാലിക്കുന്നതിൽ തുലോം പിന്നോക്കമാണെന്നു ട്രാൻസ്പോർട്ടു് വണ്ടികളിൽ കയറാൻ സാമാന്യജനങ്ങൾ ചെയ്യുന്ന സാഹസം ദൃഷ്ടാന്തീകരിക്കുന്നതാണല്ലൊ. കുട്ടികളെ ചെറുപ്പം മുതൽക്കെ സാമൂഹ്യജീവിതത്തിൽ അനുവർത്തിക്കേണ്ട ആചാര മര്യാദകളുടെ അടിപാഠങ്ങൾ പഠിപ്പിക്കുന്നതായാൽ അവർ മുതിർന്നു വരുമ്പോൾ ഏററവും യോഗ്യമായി പ്രവർത്തിക്കുന്ന സംസ്കാരസമ്പന്നരായിത്തീരും.

......

തയുണ്ടെങ്കിൽ അതു കൊച്ചിക്കാണെന്നു നിസ്സംശയം അവകാശപ്പെടാം. നമുക്കു് അതുനിരുപാധികമായും അടിയന്തരമായും ലഭിക്കുകയും വേണം.

രൂപമെടുത്തുവരുന്ന സ്വതന്ത്രഭാരതത്തിൽ കൊച്ചിയുടെനില എന്തായിരിക്കണമെന്നുകൂടി നമുക്കു് ഈ അവസരത്തിൽ ആലോചിക്കാം. വിസ്തീർണ്ണത്തിൽകൊച്ചി വളരെ ചെറുതാണെന്ന കാര്യം നാം സമ്മതിക്കുകതന്നെ വേണം. എന്നാൽ ലോകത്തിലെ ഏററവും ജനനിബിഡമായ ഒരു ഭൂവിഭാഗമാണു് ഇതെന്നുകൂടി ഇടോടൊപ്പം സ്മരണീയമാണു്. ഭൂസ്ഥിതി, പ്രകൃതിസമ്പത്തു്, വിദ്യാഭ്യാസം തുടങ്ങിയ പല കാര്യങ്ങൾകൊണ്ടും സ്വതന്ത്രമായ ഒരു ഘടകമായി നിലനിൽക്കുന്നതിനുള്ള സാദ്ധ്യതകൾ കൊച്ചിക്കുണ്ടു്. വിസ്തീർണ്ണമൊഴികെ മറെറല്ലാ കാര്യങ്ങൾകൊണ്ടും കൊച്ചിക്കുള്ളനിലസമുന്നതവും ശ്രേഷ്ഠവുമാണു്

എന്നാൽ സ്വതന്ത്രവും വിശിഷ്ടവുമായ ഒരു സംസ്കാരത്തിന്റെ അധിവാസഭൂമിയായ കേരളത്തിന്റെ മദ്ധ്യത്തിൽ വർത്തിക്കുന്ന നാം, അയൽരാജ്യങ്ങളായ തിരുവിതാംകൂറും ബ്രി: മലബാറുമായി ഭരണപരമായ പൊതുവിഷയങ്ങളിൽ യോജിച്ചു ഒരു ഐക്യകേരളാധിഷ്ഠാനത്തിന്മേൽ പ്രവർത്തിക്കേണ്ടതു് കൊച്ചിയുടെയും മലയാളം സംസാരിക്കുന്ന ഇതരരാജ്യവിഭാഗങ്ങളുടെയും രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ മഹിമയും വളർച്ചയും അത്യന്താപേക്ഷിതമാണെന്നാണു് എന്റെ അഭിപ്രായം. കേരളത്തെ ഐക്യഭാരതത്തിലെ ഒരു സംയുക്തഘടകമാക്കിത്തീർക്കുവാൻ വേണ്ടി കാര്യക്ഷമമായ ഒരു കർമ്മപദ്ധതി നാം ആവിഷ്കരിക്കുകയും അതിനെ നാം സർവ്വകഴിവുകളും ഉപയോഗിച്ചു നടപ്പാക്കുകയും ചെയ്യണം. പരമാധികാരം ജനങ്ങളിലാണു് നിക്ഷിപ്തമായിരിക്കേണ്ടതു്; തങ്ങളുടെ ഭാവി എന്തായിരിക്കണമെന്നു തീരുമാനിക്കേണ്ടതും ജനങ്ങൾ തന്നെയാണു്. ഈ യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ടു് കൊച്ചിഗവർമ്മെൻറു ഉടൻതന്നെ കൊച്ചിയ്ക്കു് ഒരു ഭരണഘടന തയ്യാറാക്കുവാനായി പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാർ അടങ്ങിയ ഒരു ഭരണഘടനാനിർമ്മാണസമിതി രൂപവൽക്കരിപ്പാൻ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. (പ്രജാമണ്ഡലത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്)

— —


## "ആരുടെരക്തം"വും എട്ടുപ്രേമകഥകളും

സർദാർ ജാഫ്റി എഴുതിയിട്ടുള്ള രാഷ്ട്രീയനാടകമായ

**ആരുടെരക്തം?**

പ്രൊ. വി. സി: ചാക്കോ എം. എ യുടെ

**എട്ടുപ്രേമകഥകൾ**

ഇവ ആവശ്യപ്പെട്ടുകൊണ്ടു് ഒട്ടുവളരെ കത്തുകൾ ഞങ്ങൾക്കു കിട്ടുന്നുണ്ടു്. പുസ്തകങ്ങളുടെ അച്ചടി തീർന്നിരിക്കുന്നു. ഓണാട്ടുകൂടിക്കം പുസ്തകങ്ങൾ വില്പനയ്ക്കു തയ്യാറാകും. അപേക്ഷകന്മാർക്കു കഴിയുന്നതും വേഗത്തിൽ അയച്ചുകൊടുക്കുന്നതാണു്.

മാനേജർ.

ഡി. സി. കമ്പനി, കോട്ടയം.

പി. സി. കുട്ടികൃഷ്ണൻ

# എന്റെ മകൻ

(ചെറുകഥ)

രാജൻ ഇവിടെനിന്നു പോയി. എന്റെ ജീവിതത്തിലെ സമസ്തആശ്വാസങ്ങളും പടികടന്നു. ഈ വീട്ടിലിരിക്കുന്നതിൽ ഒരുസുഖമില്ല. എന്റെ ഈ അറുപത്തിമൂന്നു കൊല്ലത്തെ ജീവിതംകൊണ്ടു് ഒന്നുമുണ്ടായില്ലാ എന്നു തോന്നുകയാണു്. ഇതു വാസ്തവമായി വരുമോ? ഞാൻ ഈ ഭൂമിയിൽനിന്നു മറയുമ്പോൾ എന്റേതായി ഒന്നും ഈ ലോകത്തിൽ ശേഷിക്കയില്ലേ? "അതാ, അതു ശേഖരൻനായരുടേതാണു്" എന്നു് ആളുകൾക്കു ചൂണ്ടിക്കാണിക്കുവാൻ ഒന്നുമുണ്ടാവില്ലേ? എന്റെ ഈ മാംസം മണ്ണു നടിയിലായാൽ, അതോടുകൂടി എല്ലാം അവസാനിക്കുന്നുവെന്നോ? സ്മരണാർഹമായി ഒന്നും എന്നിലുണ്ടാവില്ലേ? എന്റെ ശവക്കുഴിക്കു മേൽ ഒരിറ്റു കണ്ണുനീരും വീഴില്ലേ? അതിനാരുണ്ടു്? അതെ, ആരുണ്ടു്?

ഞാൻ മുമ്പേ മരിക്കുകയാണെങ്കിൽ, പക്ഷെ മാധവി കുറച്ചു കണ്ണുനീർ വീഴ്ത്താം. എത്ര കൊള്ളരുതാത്ത ഭർത്താവു മരിച്ചാലും ഭാര്യ കുറച്ചു കരയാതിരിക്കയില്ല. പക്ഷെ, രാജനുണ്ടായിരുന്നെങ്കിൽ! .... ....

രാജനുണ്ടായിരുന്നെങ്കിൽ— അതാലോചിച്ചിട്ടു് ഇനി പ്രയോജനമില്ല. അവൻ പോയി, പോയി, കടന്നുപോയി; അവന്റെ പാട്ടിനു നടന്നു. .... ....

ഒരൊറ്റ നിമിഷം: പതിനെട്ടു കൊല്ലത്തെ പ്രയത്നഫലം തകർന്നു!

കഴിഞ്ഞുപോയ ഓരോ സംഭവവും ഇപ്പോൾ സ്മരണയിൽ കടന്നുവരുന്നു എന്തിനാണു് അവയൊക്കെ സ്മരിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷെ, [illegible] ചെയ്യാതെ വയ്യ.

രാജനു് അന്നു് എട്ടോ ഒൻപതോ മാസമേ പ്രായമുള്ളു. അന്നത്തെ അവന്റെ പേരു് എന്തു കാക്കാടകൻ എന്നാണാവോ? പാവം, അവനൊരുകാലത്തും കാക്കാടകൻ എന്നു പേരുണ്ടാവാൻ വയ്യ. ഞാൻ അസംബന്ധമായി ആലോചിച്ചുപോകുന്നു പേരു് എനിക്കു് അറിഞ്ഞുകൂടായിരുന്നു. അവന്റെ തള്ള കുങ്കിയമ്മ കുട്ടിയേയുമെടുത്തു് ഇടയ്ക്കെല്ലാം ഇവിടെ വരും. ആ കുട്ടിക്കു് ഒരു ഉരുള ചോറിനുവേണ്ടിയോ, മറ്റോ, മറ്റോ കുങ്കിയമ്മ വടക്കേക്കെട്ടിൽവച്ചു പലപ്പോഴും എന്റെ ഭാര്യയോടു പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. "മാധവിയമ്മേ, അരി വാർത്ത വെള്ളം കളയരുതേ. വൈകുന്നേരം ഞാൻ വന്നു കൊണ്ടുപോയിക്കൊള്ളാം. ..... ." മാധവിയാകട്ടെ കഞ്ഞിവെള്ളം എടുത്തു വെയ്ക്കും താനും; എന്നല്ല, കുറച്ചൊക്കെ വറ്റും അതിലിടുക്കും. വെറും കഞ്ഞിവെള്ളം മാത്രമായി കൊടുക്കുന്നതു് ഈശ്വരവിരോധമാണെന്നാണല്ലോ വെപ്പ്.

ആ കുട്ടിയെ പ്രസവിച്ചതിന്റെ പിറ്റേത്തെ മാസം കുങ്കിയമ്മയുടെ ഭർത്താവു വിഷജ്വരം പിടിച്ചു മരിച്ചുപോയി. കുഞ്ചുക്കണിയാർ പറയുന്നു രാജന്റെ ഒമ്പതാംഭാവത്തിലുള്ള അത്യാപൽകരമായ ഒരു ഗ്രഹനിലയാണു ആ സാധു മനുഷ്യന്റെ ആയുസ്സൊടുക്കിയതെന്നു്. ആയിരിക്കാം. എന്നാലും ആയാൾ ഒരു മകന്റെ മുഖം കണ്ടു കണ്ണടച്ചു. ഒമ്പതാംഭാവം തരക്കേടായിട്ടായാലും വേണ്ടതില്ലാ, മക്കൾ ഉണ്ടാകുന്നതു നല്ലതിന്നാണു്.

എന്തായാലും, ആ മനുഷ്യന്റെ മരണംകൊണ്ടു ആപത്തു വന്നതൊക്കെ കുങ്കിയമ്മയ്ക്കാണു്. ആയാൾ, പുഞ്ചയ്ക്കു വെള്ളംതേവിയിട്ടോ, പുരകെട്ടിക്കൊടുത്തിട്ടോ, തെങ്ങിൻതോപ്പു കിളച്ചിട്ടോ ആ കുടുംബത്തെ പുലർത്തിപ്പോന്നു. ആ കുടുംബത്തിന്റെ സ്ഥാവര ജംഗമസ്വത്തെല്ലാമായിരുന്നു അയാൾ. ആ മനുഷ്യനങ്ങു മരിച്ചു. പിന്നെ എന്താണു ഗതി? പട്ടിണി, മുഴുത്ത പട്ടിണി. കുങ്കിയമ്മയ്ക്കു വല്ലേടത്തും പണിക്കുപോയിക്കൂടായോ എന്നുണ്ടു്. പക്ഷെ, ആ പിഞ്ചുപൈതലിനെ ആരു നോക്കുവാനാണു്! എന്നാലും നന്നാലടുത്തുള്ള വീടുകളിലെല്ലാം ആ സ്ത്രീ കററമെതിക്കാനും നെല്ലു കുത്തുവാനുമെല്ലാം പോകും. അതുകൊണ്ടുണ്ടാകുന്ന വരുമാനം ഇത്രയെന്നില്ലേ! പിന്നെയെല്ലാം അയൽപക്കക്കാരുടെ ദയ, ഈശ്വരന്റെ കടാക്ഷവും.

കുങ്കിഅമ്മ നിത്യവും കുട്ടിയേയും കെട്ടിവെച്ചുകൊണ്ടു പടികടന്നു വരുന്നതു കാണാം. ആയമ്മ മുററത്തുകൂടെ തന്നെ നടന്നു വടക്കേ കെട്ടിലേയ്ക്കങ്ങു കയറും. അന്നു് ഇത്തിരിയേ ഉള്ളു ഈ ചെക്കൻ, ഉഴുന്നിൻമണിപോലെ! ആളെ കണ്ടാൽ മതി വായ് തുറന്നങ്ങു ചിരിക്കാൻ തുടങ്ങും. കറുത്തിട്ടാണെങ്കിലും നല്ല ചന്തമുള്ള കുട്ടിയായിരുന്നു. അവനെ കണ്ടാൽ ആർക്കും തോന്നും ഒന്നെടുത്തുമ്മവെക്കാൻ. എനിക്കും അങ്ങിനെ പലപ്പോഴും തോന്നിയിട്ടുണ്ടു്. കുട്ടികളില്ലാത്തവരേ കുട്ടികളുടെ വിലയറിയൂ. എന്നാലും, കുങ്കിയമ്മയുടെ ചെക്കനെ എടുത്തുമ്മവെക്കുക—അതു കുറച്ചു കടന്ന കയ്യാവില്ലേ. എന്നല്ല, മാധവി എന്താണു വിചാരിക്കുക എന്നു നിശ്ചയിക്കയും വയ്യ. ഞാൻ ആ അഭിലാഷം അടക്കി.

എങ്കിലും, ആ കുഞ്ഞിനെ കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതുമെല്ലാം ഞാൻ ശ്രദ്ധിക്കാതിരുന്നില്ല. ഒരു ദിവസമെങ്ങാനും അവനെ കൊണ്ടുവരാതിരുന്നാൽ ഞാൻ മാധവിയോടു അന്വേഷിക്കലുമുണ്ടു്. "എന്തേ മാധവി, നിന്റെ സഖിയും മകനും ഇന്നു് ഇങ്ങോട്ടെഴുന്നള്ളാത്തതു്?"

എന്റെ ആ സ്വരം മാധവിക്കത്ര പിടിക്കാറില്ല.

"ഇല്ലായ്ക ഇന്നവർക്കേ വരൂ എന്നില്ലാ കേട്ടോ. ആയമ്മക്കു് ഒരാൺകുട്ടി ഉണ്ടായിട്ടു് അതിനിത്ര വെള്ളം കൊടുക്കാൻ ഗതിയില്ല. ഒരു കൊച്ചിന്റെ മുഖം കണ്ടാവൂ എന്നുള്ളോർക്കു ഈശ്വരൻ കൊടുക്കില്ലല്ലോ. അല്ലെങ്കിൽ ഈശ്വരനു കണ്ണില്ലാ എന്നുണ്ടോ; ബാക്കിയുള്ളോരു് എത്രവഴിപാടുചെയ്തു! മൂന്നുതവണയായില്ലേ രാമേശ്വരത്തുപോണു. കാശിയിലുംപോയി. എന്തിന്നു്, വടക്കെ പെരുമാളെക്കൂടി പോയി ദർശിച്ചില്ലേ! എന്നിട്ടു്, ഇപ്പോഴെന്തേ! ഏതാണു് ഞാൻ ചോദിക്കുന്നതു്! ഈശ്വരനു കണ്ണില്ലേ എന്നു——തലേലെഴുത്താണു വലുതു്." മാധവിയുടെ ഇത്തരം ആത്മഗതങ്ങൾ ആയിരം തവണ കേട്ടതാണു്. ഏതു കാര്യത്തെപ്പററി സംഭാഷണം തുടങ്ങിയാലും ഒടുക്കം അതു ചെന്നവസാനിക്കുക ഇതേ കാര്യത്തിന്മേലും ഇതേ സ്വരത്തിലുമാണു്.

ഞങ്ങൾക്കു പറയത്തക്ക ഒരു വിഷമമില്ല. സുഖമായിട്ടു ഉണ്ണാനില്ലാഞ്ഞിട്ടോ, നല്ലതൊന്നു് ഉടുക്കാൻതരമാവാഞ്ഞിട്ടോ ഞങ്ങൾ രണ്ടാളുമില്ലാ ദുഃഖിച്ചിട്ടു്. അപ്പോൾ ഇങ്ങിനെ ഒരു ഖേദം. എല്ലാംകൂടി ഈ ജീവിതത്തിൽ തരപ്പെടില്ലാ എന്നുണ്ടോ? ഈയൊരു ഖേദം വലിയതാണു്, കേട്ടോ. ഒരിക്കലുമുണ്ടാവില്ല മനസ്സിനൊരു സ്വസ്ഥത. ഈ ചെയ്യുന്ന പ്രവൃത്തിക്കൊന്നും ലക്ഷ്യമില്ലായെന്നൊരു തോന്നൽ. ആർക്കുവേണ്ടിയിട്ടാണു് ഇങ്ങനെ പാടുപെടുന്നതു്? ഈ രണ്ടുജീവനങ്ങു കെട്ടാൽ അന്ധകാരമയമായില്ലേ ഈ വീടു്. "നോക്കു, ഇതെല്ലാം എന്റെ അച്ഛൻതന്നതാണു്" എന്നു ചൂണ്ടിക്കാട്ടാൻ ഒരു കൊച്ചു, വിരലുണ്ടോ? എല്ലാം [illegible] പോകും. കുട്ടികളില്ലാത്തവർക്കേ കുട്ടികളുടെ വിലയറിയാവൂ!

മാസങ്ങൾ ചിലതുകൂടി കഴിഞ്ഞു. കുങ്കിയമ്മയെ സംബന്ധിച്ചിടത്തോളം കാലം അധികമധികം മോശപ്പെട്ടുവരികയാണു്. കുറച്ചെങ്കിലും ഭക്ഷണം കഴിക്കാതെയും മാനം മറയ്ക്കാൻ തുണിയില്ലാതെയും ഒരു ജീവി എത്രനാൾ കഴിക്കും.

അവരുടെ കഷ്ടപ്പാടിനു മോതായംവയ്ക്കാനെന്നപോലെ മഴക്കാലവും വന്നു. വല്ലാത്ത കറുത്തിരുണ്ട ദിവസങ്ങൾ. മിഥുനം അവസാനിക്കാറായി കർക്കടകമാണു് വന്നുകയറുന്നതു്. എപ്പോഴും മഴ. അക്കൊല്ലം പുര മേയാത്തതുകൊണ്ടു് അങ്ങിങ്ങു കുറേശ്ശ ചോർച്ചയുണ്ടു്. മാധവി കുറച്ചു വൈക്കോൽ കൊടുത്തതുകൊണ്ടു് കുങ്കിയമ്മ കിടക്കുന്നിടം ചോർച്ചയില്ലാത്ത വിധത്തിലാക്കിത്തീർത്തിട്ടുണ്ടു് ആയമ്മ ഒരുദിവസം എന്റെ ഭാര്യയോടുപറയുന്നതുകേട്ടു, "ചെക്കനേയും മാറത്തടക്കിപ്പിടിച്ചു കിടക്കും അവൻ പാവം, തള്ളപോലെ കുഴഞ്ഞുറങ്ങും: എന്റെ മാധവി അമ്മേ, ഓരോരോ ആലോചനകൊണ്ടു് ഉറക്കംവരില്ല. ചിലപ്പോൾ വല്ലാതെ കരച്ചിലുവരും. കുറേക്കഴിയുമ്പോൾ എങ്ങിനെയെന്നറിയില്ലാ അങ്ങു ഉറങ്ങിപ്പോവും——

കർക്കടകം കടന്നുവരിക തന്നെയാണു്. അക്കറിയത്തെ കർക്കടകം ശരിക്കുള്ള കള്ളക്കർക്കടകം തന്നെയായിരുന്നു നനഞ്ഞ ദിവസങ്ങൾ. ആർക്കും ഒരു തൊഴിലുമുണ്ടാവില്ല. ചിങ്ങം പാതികഴിഞ്ഞെ നെല്ലിന്റെ ചുണ്ടൊന്നു ചോക്കു. മകരവിള പിഴച്ചതുകൊണ്ടു പഞ്ഞം നല്ലവണ്ണമുണ്ടുതാനും. കുങ്കിയമ്മ മകനെയും മടിയിലിരുത്തി വിരൽവണ്ണത്തിൽ പെയ്യുന്ന മഴയും നോക്കി കുനിഞ്ഞുകൂടിയിരുന്നു. "എന്റെ ഈശ്വരന്മാരെ, എത്രകാലമാ ഇങ്ങിനെ പൊറുക്കുക. എന്റെ മകന്റെ മുഖം വാടുമ്പോൾ എന്റെ നെഞ്ഞാണു ഉരുകുന്നതു്—" ആയമ്മ എന്റെ ഭാര്യയോടു പറയാറുണ്ടു്.

ഈശ്വരന്മാർ കുങ്കിയമ്മയുടെ പ്രാർത്ഥന കേട്ടുവോ? ഉവ്വെന്നു തോന്നുന്നു. അടുത്തൊരുനാൾ അയൽവീട്ടിലെ മീനാക്ഷിയമ്മ കുളക്കടവിലേക്കു വന്നതു് ഒരു ശുഭവാർത്തയുമായാണു്. കുറച്ചു ദിവസങ്ങൾക്കു മുൻപു കോലാലമ്പൂരിൽ നിന്നു വന്ന കുട്ടപ്പക്കുറുപ്പിനു് ഒരു സംബന്ധം വേണം. ആയാളുടെ കയ്യിൽ "പണവും കാശും" എമ്പാടുമുണ്ടു്. സ്വർണ്ണക്കമ്പനിയിലാണു് പണി. ഒട്ടും പിശുക്കില്ല. സിഗരറ്റു വലിക്കു. പട്ടിന്റെ കുപ്പായവും വൈരക്കൽ മോതിരവും, കാലിന്മേൽ പാപ്പാസും ഒക്കെയുണ്ടു്. ആളു് ഒരു സുഭഗൻ; രസികൻ. വലിയ വലിയ സായിപ്പന്മാരായിട്ടാണു കൂട്ടുകെട്ടു്. മീനാക്ഷിയമ്മ കുട്ടപ്പൻനായരെപ്പററി വിസ്തരിച്ചു പറഞ്ഞു മനസ്സിലാക്കി. വിവാഹം കഴിഞ്ഞു് അടുത്ത ദിവസം തന്നെ അയാൾ കോലാലമ്പൂരിലേക്കു കൊണ്ടുപോകയും ചെയ്യും. കുങ്കിയമ്മയുടെ മനസ്സിൽ ഒരു തണുപ്പിറങ്ങി.

പക്ഷെ, ഒരു വികടം: ആയാൾ കുട്ടിയെ കൊണ്ടുപോവില്ല! അതൊരു ഇടിത്തീയായിരുന്നു. കുങ്കിയമ്മ ഒന്നു ഞെട്ടിയത്രെ.

മകനെ കളഞ്ഞിട്ടുള്ള ഒരു കാര്യത്തിനും ആയമ്മ നിന്നില്ല. ഒടുവിൽ, കുട്ടിയെ ഒരു അനാഥമന്ദിരത്തിൽ സുഖമായി താമസിപ്പിക്കാമെന്നു കുട്ടപ്പക്കുറുപ്പു് ഏററു.

അന്നു വൈകുന്നേരം തന്നെ കുങ്കിയമ്മ ഈ കാര്യത്തെക്കുറിച്ചു് എന്റെ ഭാര്യയോടു പറഞ്ഞു. ആ സ്ത്രീയുടെ കണ്ണിൽ നിന്നു് നീർ ധാരായി ഒഴുകിയത്രെ. "എന്റെ മാധവിയമ്മേ, ഞാൻ എന്തിനാണു് പി

(ശേഷം 9-ാംപേജിൽ)

ഏ. ബാലകൃഷ്ണപിള്ള

# നമ്മുടെ സാഹിത്യനിരൂപണം

## 1

കലയെപ്പററിയുള്ള പല നിർവചനങ്ങളിൽനിന്ന് ഈ ലേഖനത്തിന്റെ ഉദ്ദേശത്തിനു പ്രയോജനകരവും ഒട്ടധികം നിർദ്ദോഷവുമായ ഒന്ന് ഇവിടെ സ്വീകരിക്കാം. ജീവിതബോധമാണ് കല എന്നതത്രെ ഇതു്. കലാനിരൂപണമത്രെ കലാബോധമെന്നും നിർവചിക്കാം. അപ്പോൾ നിരൂപണം ജീവിതബോധത്തിന്റെ ബോധമാണെന്നു സിദ്ധിക്കുന്നു. മനഃശാസ്ത്രദൃഷ്ട്യാ ബോധത്തിൽ നിരീക്ഷണത്തിനു പുറമെ നിരീക്ഷിച്ചതിനെക്കുറിച്ചു ഒരു വീക്ഷണകോടിയുടെ ജനനവും ഉൾപ്പെടുന്നുണ്ട്. ഒരു വീക്ഷണകോടിയിൽ മൂല്യം (വാല്യൂ) എന്ന ഘടകം അടങ്ങിയിരിക്കും. ഈ മൂല്യം വീക്ഷണകോടിയെ രണ്ടുതരമായി വേർതിരിക്കും. അനുകൂലവീക്ഷണകോടി, പ്രതികൂലവീക്ഷണകോടി എന്നാണിവ. പ്രസ്തുത വീക്ഷണകോടികളുടെ ജനനം ഒന്നുകിൽ വ്യക്തിയുടെ രസനീരസങ്ങളെയോ അല്ലെങ്കിൽ വ്യക്ത്യാതീതമായ ചില തത്വങ്ങളെയോ നിയമങ്ങളെയോ ആശ്രയിച്ചിരിക്കും. വ്യക്ത്യാതീതനിയമങ്ങളാണെങ്കിൽ, നിരൂപണത്തിനു ഒരു വിധിയെഴുത്തിന്റെ സ്വഭാവം ഉണ്ടായിരിക്കുകയുംചെയ്യും.

വിധിയെഴുത്തിനു് ഒരു നിയമസംഹിത കൂടിയേ മതിയാവൂ. സാഹിത്യത്തെയും സാഹിത്യനിരൂപണത്തെയും സംബന്ധിച്ച് ഈ നിയമസംഹിത സ്ഥാപിക്കാനുള്ള സകല ഉദ്യമങ്ങളും പ്രായേണ വിഫലപ്പെടുകയാണു ചെയ്തിട്ടുള്ളതു്. ജീവിതത്തിന്റെ പരിവർത്തനാത്മകത്വമാണ് ഇതിനു കാരണം. "യാതൊരു മനുഷ്യനും രണ്ടുപ്രാവശ്യം ഒരേ നദിയിൽ തന്നെ കുളിക്കുന്നില്ല" എന്ന വാക്കുകളിൽ ഒരു പ്രാചീന ഗ്രീക്ക് ചിന്തകൻ ജീവിതത്തിന്റെ പരിവർത്തനാത്മകത്വത്തെ അതിഭംഗിയായി വർണ്ണിച്ചിട്ടുണ്ട്. അതു് ഒരു നദിയാകാത്തതിന്റെ കാരണം അതിന്റെ ഓരോ അണുവും അനന്തമായ ചലനത്തിനു വശംവദമായിരിക്കുന്നതാണ്. കലയ്ക്കും കലാനിരൂപണത്തിനും മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതകൾനിമിത്തം ഈ പരിവർത്തനാത്മകത്വത്തിൽ നിന്നു ഒഴിഞ്ഞുനിൽക്കുവാൻ സാധിക്കുന്നതല്ല.

പ്രസ്തുത നിയമസംഹിത അസാദ്ധ്യമായ ഒന്നാണെങ്കിൽപിന്നെ ആലങ്കാരികരുടെ കൃതികളെ ചുട്ടുകരിച്ചുകളയുകയല്ലെ വേണ്ടതു്? അല്ല, അവയ്ക്കു തീരെ പ്രയോജനമില്ലാതെയില്ല, ഇതിനെ വിശദീകരിക്കുവാനായി ഹോംസ് എന്ന ചിത്രകലാനിരൂപകൻ ഇതിനെപ്പററിപ്രതിപാദിച്ചിട്ടുള്ളതു് ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"ആദർശപൂർണമായ ലാവണ്യം എന്ന ആശയത്തെ പ്രയോഗത്തിൽ കൊണ്ടുവരാൻ ഓരോ കാലത്തിലും നടത്തിയിട്ടുള്ള ഉദ്യമങ്ങളെക്കുറിച്ചു നമുക്കൊന്നു ചിന്തിച്ചുനോക്കാം. റെനെയ്സാൻസ് കാലത്തിന്റെ അന്ത്യഘട്ടംമുതൽക്കു നമ്മുടെ കാലംവരെയുണ്ടായിട്ടുള്ള സകലകലാപരിഷത്തുകളും കലാപാഠശാലകളും പ്രസ്തുത ആശയംവച്ചു പരിപാലിച്ചുകൊണ്ടുപോന്നിരുന്നു. ഇവയെല്ലാം കാലപരീക്ഷയിൽ തോൽക്കുകയാണു ചെയ്തിട്ടുള്ളതും. ചിരമായ കീർത്തി നേടിയിട്ടുള്ളവർ പ്രസ്തുത പരിഷത്തുകളുടെയും കലാലയങ്ങളുടെയും തത്വങ്ങളെ അനുസരിച്ചിരുന്നവരല്ല, പിന്നെയോ അവയെ ലംഘിച്ചവരായിരുന്നു. ഇററലിയിൽ തിപോലോ, കനാലെറോ, ഗാർഡി, എന്നിവരുടെയും, ഫ്രാൻസിൽ വാറേറാ, ഷാർഡിങ് എന്നിവരുടെയും പേരുകൾ ചിരമായി നിലനിൽക്കുകയും, ഇവരുടെ കലാലാവണ്യജ്ഞാനപട്ടുക്കളായ സമകാലീനരുടെ പേരുകൾ വിസ്മൃതിയിൽ ആണ്ടുപോകയും ചെയ്തു. . . . . കലാലാവണ്യശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ചിട്ടുള്ള തത്വങ്ങളുടെ യുക്തിയും ഉൽക്കടമുഷ്ടിയും, പലപ്പോഴും ശക്തിയുപയോഗിച്ചു തലമുറതലമുറയായി അംഗീകരിച്ചു പടംവരച്ചിരുന്ന ചിത്രകാരന്മാരുണ്ടായിരുന്ന ജർമ്മനിക്ക് ലാവണ്യാത്മകമൂല്യമുള്ള അധികം ചിത്രങ്ങൾ രചിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതിനു കാരണമെന്തു്? മനുഷ്യവർഗ്ഗത്തിലെ ഏതെങ്കിലും ഒരു അംഗത്തിൽ കാണാവുന്ന ലാവണ്യത്തെക്കാൾ ഏറിയ ആദർശപരമായ ലാവണ്യം സൃഷ്ടിക്കുവാനുള്ള ഈതരം ഉദ്യമങ്ങൾക്കു പൊതുവെയുള്ള ഒരു കുറവ് വൈരസ്യമാകുന്നു. ഇതിനെപ്പററി ഒരു തത്വജ്ഞാനി ഇങ്ങനെ പറയുമായിരിക്കാം. "ആദർശപരമായ ലാവണ്യമെന്നതു സമ്പൂർണ്ണമായി ഗ്രഹിച്ചിരുന്ന ഒരു കലയെന്നു സകലരും സമ്മതിച്ചിട്ടുള്ള പ്രാചീനഗ്രീക്കുകലയിൽ വൈരസ്യം കാണാവുന്നതല്ലല്ലോ. ആധുനികരുടെ കലാസാമർത്ഥ്യത്തിന്റെ കുറവാണ്, ആദർശപരമായ ലാവണ്യമെന്ന അവരുടെ ആശയമല്ല ഇതിന്റെ കുററം വഹിക്കേണ്ടതു്."

"ഇതു് എങ്ങിനെയായാലും ശരി; റെയ്നാൾഡ്സിനെപ്പോലെയുള്ള ഒരു ചിത്രകാരൻപോലും ഗ്രീക്കുകലയിലെ ഈ ആദർശപരമായ ലാവണ്യം ഒരുതരത്തിലുള്ളതല്ല, പിന്നെയോ പലതരത്തിലുള്ളതാണെന്നു കണ്ടിരുന്നു. അതിൽ പ്രത്യേകമാതൃകകളുണ്ടായിരുന്നെന്നും, ആദർശപരമായ ലാവണ്യമുള്ള ഒരു ഹെർക്കുലീസും, ഇതുള്ള ഒരു മല്ലരംഗവീരനും, ഇതുള്ള ഒരു അപ്പോളോയും അതിൽ ഉണ്ടായേക്കാമെന്നും അദ്ദേഹം അറിയാതെയിരുന്നില്ല. ഈ ചിന്താഗതി അതിന്റെ യുക്തിപരമായ പരിണാമംവരെ അദ്ദേഹം തുടർന്നുകൊണ്ടുപോവുകയോ, ഗ്രീക്കുപ്രതിമാശില്പത്തിന്റെ വളർച്ചയെപ്പററി ഇന്നു നമുക്ക് അറിയാവുന്ന കാര്യങ്ങൾ അദ്ദേഹം അറിയുകയോ ചെയ്തിരുന്നു എങ്കിൽ തന്റെ വൈഷമ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന ഒരു കണ്ടുപിടിത്തത്തിൽ അദ്ദേഹം എത്തിച്ചേരുമായിരുന്നു.

"മഹാന്മാരായ ഗ്രീക്കുശില്പികൾ, മററു കാലഘട്ടങ്ങളിലെ മഹാകലാകാരന്മാർക്കു തുല്യം മഹാന്മാരായി ഭവിച്ചതു അവർ ലാവണ്യത്തിന്റെ ഒരു ഒററ നിർവചനം സ്വീകരിച്ചിരുന്നതുകൊണ്ടല്ല, പിന്നെയോ അങ്ങനെയുള്ള ഒരു ഒററ നിർവചനം സാദ്ധ്യമാണെങ്കിൽതന്നെ. അവരിൽ ഓരോരുത്തനും അതിൽനിന്നു വ്യതിചലിച്ചു, തനിക്കു സ്വീകാര്യമായി തോന്നിയ പ്രത്യേക ഗുണങ്ങളെയോ ലാവണ്യങ്ങളെയോ അംഗീകരിച്ചിരുന്നതു നിമിത്തം മാത്രമായിരുന്നു. വ്യക്തിപരമായ ഈ സ്വീകരണം, വ്യക്തിപരമായ ഈ സ്വഭാവം, മൂലമത്രെ മൈറൻ, പൈയോനിയസ്, ഫെയ്ഡിയസ്, പോലിക്ലയിററസ്, പ്രാക്സ്ററിലീസ്, എന്നിവരുടെ രീതികൾക്കു തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുവാൻ നമുക്കു സാധിച്ചിട്ടുള്ളതും. അലക്സാണ്ടർമഹാന്റെ പിൻഗാമികൾ മ്യൂസിയങ്ങളും കലാലയങ്ങളും സ്ഥാപിച്ച കാലംമുതൽക്കു മാത്രമേ പ്രസ്തുത വ്യക്തിപരമായ സ്വീകരണം തിരോധാനം ചെയ്തുതുടങ്ങിയുള്ളു. ഇതോടുകൂടി ഗ്രീക്കുകലയുടെ ലാവണ്യം അധഃപതിച്ചുതുടങ്ങുകയും ചെയ്തു. . . . . അതുകൊണ്ടു മനുഷ്യരൂപങ്ങളിലോ മററു കാര്യങ്ങളിലോ അസ്ഥിരമായ ലാവണ്യനിയമം പ്രയോഗിച്ചു, സുന്ദരകലാകൃതികളുടെ മഹത്വം അളക്കുന്ന പതിവു നാം ഉപേക്ഷിച്ചു മതിയാവൂ. ആദർശപരമായ ഈ മാതൃകയെക്കുറിച്ചുള്ള ആശയം മനസ്സിൽവെച്ചുകൊണ്ടിരിക്കുന്നതിൽ തരക്കേടൊന്നുമില്ല, പക്ഷെ, ഓരോ മഹാകലാകാരനും ഓരോ പുതിയ സുന്ദരരൂപം ഭാവിയിൽ സൃഷ്ടിക്കുന്നതിനായി മുമ്പോട്ടു കുതിച്ചുചാടുന്നതിനു് ഉപയോഗപ്പെടുത്തുന്ന ചവിട്ടുപടിയായി മാത്രമേ അതു് ഉപകരിക്കാവൂ."

ടാംഗ് രാജവംശം ചീനത്തെ ഭരിച്ചിരുന്നകാലത്തു് (എ. ഡി. 618-905) ചീനസാഹിത്യത്തിലെ അഗ്രഗണ്യരായ മഹാകവികളിൽ ഒരുത്തനായ ലീ-പോ-ജീവിച്ചിരുന്നു. കാവ്യലോകത്തു കാലുകുത്തുവാൻ കാമിച്ചിരുന്ന ഒരു യുവസാഹിത്യകാരൻ ഒരിക്കൽ ലീപോവിനോടു ഇങ്ങനെ ചോദിച്ചു. "ഹേ! ഒരു മഹാകവിയാകുവാനുള്ള മാർഗ്ഗം എനിക്കു പറഞ്ഞുതരുമോ?" ലീപോവിന്റെ മറുപടി ഇപ്രകാരമായിരുന്നു. "ആദ്യമായി കാവ്യത്തിന്റെ നിയമങ്ങൾ പഠിക്കുക; പിന്നീടു ഇഷ്ടംപോലെ അവയെ ലംഘിക്കുക." മുകളിൽ ഉദ്ധരിച്ചിട്ടുള്ള ഹോംസിന്റെ അഭിപ്രായമാണ് ലീപോവിന്റെ ഉപദേശത്തിലും പ്രതിബിംബിച്ചിരിക്കുന്നതെന്നു കാണാമല്ലൊ. ഈ നിയമലംഘനത്തിനു രാഷ്ട്രീയവിപ്ലവങ്ങളുടെ സ്വഭാവമുണ്ട്. വിജയിച്ചാൽ അതിനു പൊതുജനസ്വീകരണം കിട്ടും; ഇല്ലെങ്കിൽ ഇതു നാസ്തി. അലക്സാണ്ടർക്കുശേഷം ഗ്രീക്കുകലയ്ക്കുണ്ടായ അധഃപതനത്തിനു തുല്യമായ ഒന്നാണ് ഹോംസ് ചൂണ്ടിക്കാണിച്ചിട്ടുള്ള കാരണംനിമിത്തം സംസ്കൃതസാഹിത്യത്തിലും നിരൂപണത്തിലും കാളിദാസന്റെ മരണാനന്തരം നാം കാണുന്നതും.

ഇന്നത്തെ ഭാഷാസാഹിത്യത്തിലെ നിരൂപണത്തിലേക്കു തിരിഞ്ഞു നോക്കുകയാൽ ഇവിടത്തെ നിരൂപകരിൽ ഭൂരിഭാഗവും പ്രസ്തുത ഒരു ഒററ സനാതനകാവ്യനിയമസംഹിതയെ ആസ്പദിച്ചാണു നിരൂപണം നടത്തിവരുന്നതെന്നു കാണാം. എത്രയധികം പുറംമേനിയുള്ള ഹേത്വാഭാസങ്ങൾകൊണ്ട് ഓട്ടയടച്ചാലുംശരി, തിന്മയുടെ സാന്നിദ്ധ്യത്തിൽ, മതത്തിലും ധർമ്മശാസ്ത്രത്തിലും അദ്വൈതവാദത്തിനു യഥാർത്ഥമായ നിൽക്കക്കള്ളിയുണ്ടാകുന്നതല്ല. ഇതുപോലെ എത്രയോ പകിട്ടുള്ള പക്ഷാഭാസങ്ങൾ പുറപ്പെടുവിച്ചാലുംശരി, ചരിത്രാതീതകാലംമുതൽക്കുള്ള പ്രവാഹാത്മകസാഹിത്യത്തിന്റെ, അഥവാ ശക്തിസാഹിത്യത്തിന്റെ അഥവാ പ്രോലിട്ടേറിയൻസാഹിത്യത്തിന്റെ സാന്നിദ്ധ്യത്തിൽ അലങ്കാരാത്മക; അഥവാ, ഭംഗിസാഹിത്യമാത്രം ആസ്പദിച്ചു ജനിച്ചിട്ടുള്ള അദ്വൈതവാദത്തിനും സാഹിത്യത്തിൽ യഥാർത്ഥമായ നിൽക്കക്കള്ളിയുണ്ടാകുന്നതല്ല. പ്രസ്തുത ഒററ സനാതനകാവ്യനിയമസംഹിതയെ മാത്രം പ്രമാണമായി സ്വീകരിച്ചിട്ടുള്ളതുനിമിത്തമാണ് ഇവിടത്തെ ഭൂരിഭാഗം നിരൂപകരും ഗ്രീക്ക്

ഐതിഹ്യത്തിലെ മൂന്നു ഗോർഗോൺ സോദരിമാർ തങ്ങൾ മൂവർക്കുംകൂടിയുള്ള ഒററക്കണ്ണിനെ ഓരോരുത്തരും കടം വാങ്ങി നിരീക്ഷിക്കുന്നതുപോലെ നിരീക്ഷണം നടത്തിയിട്ടുള്ള ഇവിടത്തെ മാറെറാലിക്കവികളിൽ മാത്രം ഏറിയ ക്രൂരകലാലാവണ്യം കാണുന്നതു്. ഈ ഒററ സനാതന നിയമസംഹിതയിലുള്ള അന്ധവിശ്വാസം ഹേതുവായിട്ടാണു് ഇത്തരം നിരൂപകർക്കു് പതിവിനു (ട്രഡിഷനു) പുറമെയുള്ള സ്വയാനുഭവ (ഒറിജിനൽ എക്സ് പീരിയൻസ്) കാവ്യങ്ങളുടെ മാഹാത്മ്യം ഗ്രഹിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതു്. പ്രസ്തുത ഏകസനാതനനിയമസംഹിതയിൽ മാത്രമുള്ള വിശ്വാസം നിമിത്തമാണു് ഈ നിരൂപകരുടെ കൂട്ടത്തിൽപെട്ട വാസനാനുഗ്രഹീതർക്കുപോലും ചവച്ചു ചവച്ചു തുപ്പിയ സിംബോളിസങ്ങളോടും ഉല്ലേഖങ്ങളോടും പ്രിയവും ഇവിടത്തെ ബ്രഹത്പുരോഗമന പ്രസ്ഥാനകവികളിൽ ചിലരുടെ അദൃഷ്ടപൂർവ്വങ്ങളും ഔചിത്യമേറിയവുമായ സിംബോളിസങ്ങളോടും ഉല്ലേഖങ്ങളോടും നീരസവും തോന്നുന്നതു്. പ്രസ്തുത ഏകനിയമസംഹിതയിലുള്ള ഭക്തി നിമിത്തമാണു് ഇവർ ഭോജനഭാജനങ്ങളിൽ വച്ചു ഭോജനത്തിനാണു് ശ്രേഷ്ഠതയുള്ളതെന്ന വാദം പുറപ്പെടുവിച്ചുവരുന്നതും. ഇവരുടെ ഈ കുറവുകളിൽ രണ്ടെണ്ണം മാത്രമെടുത്തു രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ.

ഭാഷാസാഹിത്യത്തിലെ സിംബോളിക്കു് കാവ്യശാഖയുടെ വെന്നിക്കൊടിയായ ശ്രീ ജി ശങ്കരക്കുറുപ്പിന്റെ 'നിമിഷ'ത്തിലെ സുപ്രസിദ്ധമായ ബീഡി സിഗററു സിംബോളിസം; സിംബോളിക്കു് സാങ്കേതികമാർഗ്ഗപാടവത്തിന്റെയും സ്വിഫ്ററിന്റെ "പ്രോഫെററിക്കു് അയറോണി"യോടു പ്രായേണ കിടനിൽക്കുന്ന പ്രോഫെററിക്കു് അയറോണിയുടേയും കലർപ്പുനിമിത്തം ഭാഷാസാഹിത്യത്തിൽ മാത്രമല്ല ഇതര ഭാരതീയ സാഹിത്യങ്ങളിലുംകൂടി അനന്യസദൃശമായി നിലകൊള്ളുന്ന ശ്രീ മഹമ്മദു് ബഷീറിന്റെ "അനർഘനിമിഷ"ത്തിലെ വട്ടച്ചോറിയൻ സാഹിത്യകാരസിംബോളിസം; ശുദ്ധപുരോഗമനസാഹിത്യ കാവ്യസ്ഥാപകനായ ശ്രീ കെടാമംഗലത്തിന്റെ ശക്തിയേറിയ "കടത്തുവഞ്ചി"യിലെ കിനാവള്ളി സിംബോളിസം; ഇതേ കവിതാസമാഹാരത്തിലെ യാന്ത്രികത്തോക്കു സിംബോളിസം ഇവയെ പ്രസ്തുത അദൃഷ്ടപൂർവ്വവും അത്യുചിതവുമായ സിംബോളിസങ്ങൾക്കു് ഉദാഹരണങ്ങളായി ഉദ്ധരിക്കാം. ഇവ നമ്മുടെ സഹൃദയലോകത്തിലും നിരൂപകലോകത്തിലും ജനിപ്പിച്ച കോളിളക്കത്തിനു ഒരു പഴയ സിംബോളിക്കു് മഹാകവിയായ ഡോണെ (എം സി 1573–1631) തന്റെ വിലാപം വിലക്കിക്കൊണ്ടുള്ള യാത്രപറച്ചിൽ (എവലസിക്ഷന്റെ ഫർബിഡിങ്ങു് മോർണിങ്ങു്) എന്ന കവിതയിൽ പ്രയോഗിച്ചിരുന്ന അദൃഷ്ടപൂർവ്വവും അത്യുചിതവുമായ ഒരു സിംബോളിസം അന്നത്തെ ഇംഗ്ലീഷ് സാഹിത്യലോകത്തിൽ ജനിപ്പിച്ചുകോളിളക്കത്തോടു സാദൃശ്യമുണ്ടു്. വേർപിരിഞ്ഞു പോകുന്ന കാമനീകാമുകന്മാരെ സ്കൂൾകുട്ടികൾ ഉപയോഗിക്കുന്ന ഒരു കോമ്പസ്സിന്റെ സിംബോളിസം പ്രയോഗിച്ചു വർണ്ണിച്ചിട്ടുള്ളതാണു് ഇതു്. പിരിഞ്ഞു പോകുന്ന കാമിനീകാമുകർ തമ്മിലുള്ള പരസ്പരാശ്രയവും, അവരുടെ പ്രണയധൈര്യവും അവർതമ്മിലുള്ള പരസ്പരാകർഷണവും വർണ്ണിക്കുവാൻ, ചലനരഹിതമായ ഒരു ഒററ ആണിയോടു അഭേദ്യമായ വിധത്തിൽ ബന്ധിച്ചിട്ടുള്ളതും എന്നാലും അകന്നുപോകുന്നതുമായ രണ്ടുകാലുകളുള്ള ഒരു സ്കൂൾ കാമ്പസ്സിനെപ്പോലെ പററിയ മറെറാരു സിംബലുമില്ലെന്നു അല്പം ആലോചിച്ചാൽമനസ്സിലാക്കാം. പക്ഷെ, പ്രസ്തുത സനാതന നിയമസംഹിതയുടെ പിടിയിൽ പെട്ടിരുന്നതു നിമിത്തം ഡോണെയുടെ സമകാലീനർ ഈ സിംബലിൽ കണ്ടതു ലോഹനിർമ്മിതമായ കാമ്പസ്സിന്റെ കാഠിന്യവും, അനമ്യതയും, തണുപ്പും, സൌന്ദര്യശൂന്യതയും വിദ്യാർത്ഥികളായിരുന്നപ്പോൾ തങ്ങൾക്കു പഠിക്കേണ്ടിവന്നിട്ടുള്ള ക്ഷേത്രഗണിതത്തിന്റെ ഗ്രഹണവൈഷമ്യവും മാത്രമായിരുന്നു.

'ജി'യുടെ 'ബീഡിക്കവിത'യുടെ അദൃഷ്ടപൂർവകത്വവും അനൗചിത്യവും ഞാൻ "നിമിഷ"ത്തിന്റെ അവതാരികയിൽ വിശദീകരിച്ചിരുന്നു. ഇതിനോടു പ്രസ്തുതതരം സനാതനത്വപക്ഷക്കാരായ നിരൂപകർ സ്വീകരിച്ചിട്ടുള്ള നില ഈയ്യിടെ കോട്ടയത്തെ "ചിത്രോദയം"വാരികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'ഡി'യുടെ "ഒരേ ബാറു്" ഒരുപാരൊഡിയുമല്ല, ബർലക്സുമല്ല; പിന്നയോ വെറും അക്ഷേപഹാസ്യകവിതമാത്രമാണു്. ബഷീറിന്റെ വട്ടച്ചോറിയൻ സാഹിത്യകാരസിംബോളിസം പ്രഥമദൃഷ്ടിയിൽ അറപ്പിക്കുന്ന ഒന്നാണെങ്കിലും, യുദ്ധം ഇല്ലാതാക്കുന്ന കർമ്മപദ്ധതിക്കു മററു സകല സുന്ദര സിംബോളിസങ്ങളെക്കാളധികം പററിയ ഒന്നാണെന്നു പ്രസ്തുത സനാതന നിയമത്തിലുള്ള വിശ്വാസം മറയത്തു വലിച്ചെറിഞ്ഞുകൊണ്ടു് ആലോചിച്ചു നോക്കിയാൽ മനസ്സിലാക്കാം. വായനക്കാരന്റെ മുഖത്തു് ഒരു തൊഴി വച്ചുകൊടുത്തു് അവനേക്കൊണ്ടു് താൻ പ്രതിപാദിക്കുന്ന പ്രശ്നത്തെപ്പററി ചിന്തിപ്പിക്കുന്ന ആധുനിക സാഹിത്യകാരരുടെ ഒരു പതിവിനും ഈ സിംബോളിസം ഒരു മകുടോദാഹരണമാണെന്നുമാണു്. നദീതീര വാസികളായ മനുഷ്യർക്കും നാവികർക്കും എട്ടു കൈയ്യുള്ള കിനാവള്ളി (ഒക്ടോപ്പസ്) എന്ന ജല ജന്തുവിനെപ്പററിയുള്ള കഥകൾ കേട്ടാലും കേട്ടാലും മതിയാകുന്നതല്ല. ഇതിനു കാരണം അതു അവരിൽ ജനിപ്പിച്ചിട്ടുള്ള അതിഭയവും അതിവിസ്മയവും കലർന്ന സങ്കീർണ്ണ വികാരമാണു്. ഇത്തരം വികാരം മനുഷ്യരിൽ ജനിപ്പിച്ചിട്ടുള്ള മറെറാരു ജന്തുവുണ്ടെങ്കിൽ, അതു പാമ്പു മാത്രമാണു് ഈ വസ്തുതയും കിനാവള്ളി വെള്ളത്തിലിറങ്ങുന്ന മനുഷ്യനെ എട്ടു കൈകൾകൊണ്ടും വരിഞ്ഞു കെട്ടി ആ കൈകൾ എട്ടിന്റേയും അഗ്രങ്ങൾ കൊണ്ടു് അവന്റെ രക്തം ഊററിക്കുടിക്കുന്നുവെന്നുള്ള ഒരു ധാരണയും പ്രസ്തുത ജനകീയ കഥകളിൽ കാണാം. മതത്തോടു് മനുഷ്യർക്കു തോന്നുന്ന പ്രസ്തുത തരം സങ്കീർണ്ണ വികാരവും, മതം നാനാവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ മനുഷ്യരെ ചൂഷണം ചെയ്തു വരുന്നുവെന്നുള്ള പരമാർത്ഥവും മനസ്സിലാക്കിയിട്ടുള്ളവർക്കു കെടാമംഗലം കിനാവള്ളിയെ മതത്തിന്റെ സിംബലാക്കിയിട്ടുള്ളതിന്റെ അത്യൗചിത്യം ഗ്രഹിക്കുവാൻ കഴിയും. കറുപ്പിനെ ചാറൽസ് കിങ്സ്ലി മതത്തിന്റെ സിംബലാക്കി ഇദം പ്രഥമമായി പ്രയോഗിച്ചിരുന്നു, തലമുറ തലമുറയായി ചവച്ചു തുപ്പിയ സിംബോളിസമല്ല കെടാമംഗലത്തിന്റേതു്. ഇതു പോലെ, മുതലാളി വർഗ്ഗത്തോടു പടവെട്ടാൻ ഒരുങ്ങുന്ന തൊഴിലാളി വർഗ്ഗം കൂട്ടരോദനം പുറപ്പെടുവിക്കുന്നതു മുതലാളി വർഗ്ഗത്തിനില്ലെന്നു് അവർ ധരിച്ചിട്ടുള്ള ഹൃദയത്തെ അലിപ്പിക്കുക മാത്രമല്ല, പിന്നയോ, യാന്ത്രികത്തോക്കുകളുടേയും 'ഷ്റീക്കിങ്ങു് ബോംബു' കളുടേയും കൂട്ട ഗർജ്ജനത്തിനു തുല്യം ശത്രുവിന്റെ ഞരമ്പുകളെ സ്തംഭിപ്പിച്ചു് അവരെ നിശ്ചേഷ്ടരാക്കുന്നതിനാകുന്നു. ഈ വസ്തുത ഗ്രഹിച്ചിട്ടുള്ളവർക്കു കെടാമംഗലത്തിന്റെ യാന്ത്രികത്തോക്കു് സിംബോളിസത്തിന്റെ അത്യൗചിത്യവും അദൃഷ്ടപൂർവകത്വവും മനസ്സിലാകുന്നതാണു്.

ഭോജനഭാജന വാദത്തെസംബന്ധിച്ചു് എനിക്കു രണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടു്. ശക്തിസാഹിത്യത്തിൽ ഭോജനത്തിനാണു് ഭാജനത്തെക്കാളധികം പ്രാധാന്യമുള്ളതു്. ശക്തിസാഹിത്യത്തെ ഒന്നിലധികം പേരുടെ സംയുക്തപ്രയത്നംകൊണ്ടാണു് ജനകീയ നൃത്തരൂപത്തിൽ ഇദംപ്രഥമമായി ജനിച്ചതെന്നു ഞാൻ "കടത്തുവഞ്ചി'യുടെ അവതാരികയിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഇങ്ങിനെയുള്ള ഒരു സംയുക്തകൃതിയിൽ ഭോജനത്തിനാണു് ഭാജനത്തെക്കാളധികം പ്രാധാന്യമുണ്ടായിരിക്കുന്നതും. ജനനാൽ ലഭിച്ച ഈ മുദ്ര അതു് ഇന്നുവരെ വച്ചു പരിപാലിച്ചുകൊണ്ടുപോരുന്നുമുണ്ടു്. സോവ്യററു റഷ്യയിലെ ചില ഡ്രാമാകളുടെ അഭിനയത്തിൽ ജനതതിക്കുകൂടി പങ്കുകൊള്ളുവാൻ വേണ്ടതു് (മാസ് ആക്ഷൻ) നാടക കർത്താവ് ചെയ്തിട്ടുള്ളതു് ജന്മസിദ്ധമായ മുദ്ര അറിഞ്ഞിട്ടുള്ളതു നിമിത്തമാണു്. ശക്തിസാഹിത്യത്തിൽ ഇപ്രകാരം ഭോജനത്തിനു ഭാജനത്തേക്കാളേറെ പ്രാധാന്യമുള്ളതിനാൽ ഒരു നാക്കുകൊണ്ടു ശക്തിസാഹിത്യം പാടുവാനും മറുനാക്കുകൊണ്ടു ഭോജനത്തെ അപേക്ഷിച്ചു ഭാജനത്തിനുള്ള ശ്രേഷ്ഠത പ്രഖ്യാപനം ചെയ്യുവാനും ഒരുങ്ങുന്ന നമ്മുടെ ചില നിരൂപക കവികൾക്കു ആത്മാർത്ഥത ഇല്ലായ്മ എന്നൊരു സാരമായ കുറവു വന്നുപോകുന്നതാണു്. ശക്തിസാഹിത്യത്തിന്റെ അപരിത്യാജ്യമായ ഒരു ഘടകമാണു് ആത്മാർത്ഥതയും. ഇതോടുകൂടി ഈ നിരൂപകകവിവരന്മാർ ക്ളാസിക്കു് സാങ്കേതികമാർഗ്ഗം തങ്ങളുടെ ശക്തികവിതകളിൽ സ്വീകരിക്കുമ്പോൾ കാര്യം അധികം വഷളായിത്തീരുകയും ചെയ്യുന്നു.

---

രക്ഷാകേന്ദ്രം

ശശാങ്ക

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീസഹോദരന്മാർക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണു്. സ്ഖലനം, പഴപ്പുപോക്കു്, പ്രമേഹം മൂത്രച്ചുടിച്ചിൽ, മൂത്രത്തിലുള്ള അടിവു്, (കല്ലക്കൽ) വയറെറരിച്ചിൽ, അസ്ഥിസ്രാവം, (വെള്ളപോക്കു്) രക്തംപോക്കു് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു് വില രൂപാ 3. പാക്കിംഗ്പോസ്റ്റേജ് അഞ്ചലിൽ എട്ടണ. തപാലിൽ ഒരു രൂപാ.

വിജയാ ഫാർമസി,

H. O. തട്ടാരമ്പലം. A. O. മാവേലിക്കര—തിരുവിതാംകൂർ.

# 13-ാം പേജ്

ബാലൻ

"തിരുവിതാംകൂറിനോടു താരതമ്യപ്പെടുത്താവുന്ന ഏകരാജ്യം സോവിയറ്റ് യൂണിയൻ മാത്രമാണ്."

വിരോധമുണ്ടെന്നു വച്ചു ഇത്രയ്ക്കു കടത്തി പറയണോ?

× × ×

ബ്രിട്ടീഷ് പാർലമെണ്ടിലെ പ്രഹസനവും കഴിഞ്ഞു് ഒരു കക്ഷി പറയുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൊടുക്കാൻ അവരുടെ മാർഗ്ഗമാണ് നല്ലതെന്ന്. എതിരാളികൾ പറയുന്നു അവരുടേതാണ് നല്ലതെന്ന്. അയ്യോ ശിവനേ എന്തൊരു പങ്കപ്പാട്. ഈ ഇന്ത്യയ്ക്കുസ്വാതന്ത്ര്യം കൊടുക്കാൻ അവർപെടുന്ന പാട്. പിന്നെയെങ്ങിനെയാ നമ്മുടെ നേതാക്കന്മാർ ബ്രിട്ടന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതു്. ചർച്ചിൽസായ്‌വു സത്യാഗ്രഹം നടത്താൻ ഭാവമുണ്ടെന്നും കേട്ടു.

× × ×

കൊച്ചിയിൽ വമ്പിച്ച ചില ഭരണപരിഷ്ക്കാരങ്ങളുണ്ടാകാൻ പോകുന്നതായി ദിനപത്രങ്ങൾ പറയുന്നു. ഓരോ അബ്കാരിപ്പീസിനും രണ്ടു മന്ത്രി എന്ന കണക്കിനു കിട്ടാൻ വഴിയുണ്ട്.

× × ×

ദീപികപത്രത്തിന്റെ മാനേജരെ അറസ്റ്റ് ചെയ്തവിവരം ആ പത്രം ഇതുവരെ അറിഞ്ഞിട്ടില്ല. തപാൽ പണിമുടക്കകാലമല്ലേ. എ. പി. ഐ. യുടെ കമ്പി ഇതുവരെ ഇങ്ങെത്തിയിട്ടില്ലായിരിക്കും.

× × ×

ശ്രീമതി ദാക്ഷായണി വേലായുധൻ അഭിപ്രായപ്പെടുന്നു. അംബേത്കറുടെ പോക്ക് അത്ര പന്തിയല്ലെന്ന് ഗാന്ധിജിയോടു യോജിച്ചാൽ മാത്രം മതിയല്ലോ. വേണ്ടതൊക്കെ കിട്ടാൻ. എത്ര അനുസരണമുള്ള കുട്ടി! ഈ രാജ്യതന്ത്രജ്ഞയെ തന്നെയാണ് കോൺസ്റ്റിറ്റുവൻറ് അസംബ്ലിയിലേക്കു തെരഞ്ഞെടുത്തിരിക്കുന്നതു്.

× × ×

ജനറൽ മിഹൈലോവിച്ചിനെ വെടിവെച്ചു കൊന്നിരിക്കുന്നുവെന്നു റിപ്പോർട്ടുണ്ട്. അനുശോചനയോഗം ലണ്ടനിൽവച്ചുനടക്കാനാണിടയുള്ളതു് പ്രസംഗിക്കുകയും ചെയ്യും.

× × ×

ബങ്കാളിൽ ഭക്ഷണക്ഷാമമുണ്ടെന്നും അതിനു പരിഹാരം റേഷനിംങ്ങ് മാത്രമാണെന്നും ബങ്കാൾ കോൺഗ്രസ്സ് കണ്ടുപിടിച്ചിരിക്കുന്നു. ഇതാണ് പറയുന്നത്, 42 അല്ല 46 എന്ന്. 1942 ൽ ഇതു് ആരെങ്കിലും പറഞ്ഞാൽ അവൻ രാജ്യദ്രോഹിയാകുമായിരുന്നു. ഇസ്പഹാനിയും കൂട്ടരും പോലും അന്നു പറഞ്ഞു പട്ടാളത്തിനു വേണ്ടി അരി കടത്തി കളഞ്ഞതാണെന്ന്. ബാലന് ഒരു സംശയം ഇപ്പോൾ ആരാണ് അരിവാങ്ങി കടത്തികളയുന്നതെന്ന്.

× × ×

പ്രവിശ്യകളിൽനിന്നു കോൺസ്റ്റിറ്റുവൻറ് അസംബ്ലിയിലേക്കു തെരഞ്ഞെടുത്ത കോൺഗ്രസ് പ്രതിനിധികളിൽ വേണ്ടത്ര സാർമാരും ഖാൻ ബഹദൂർമാരും റാവുസാഹിബ്മാരും ഇല്ലാത്തതുകൊണ്ട് കുറെ എണ്ണത്തിനെ ഇംഗ്ലണ്ടിൽ നിന്ന് വരുത്താൻ ആലോചനയുണ്ടത്രെ. ഉപദേശകനായി പ്രൊഫസ്സർ കൂപ്ലണ്ടും കൂടിയായാൽ എല്ലാം തികഞ്ഞു. ആരും പിണങ്ങേണ്ട. ബാലൻ വെറുതെ പറഞ്ഞെന്നു മാത്രം.

× + ×

ഈജിപ്റ്റിൽ രാജദ്രോഹികളെ അറസ്റ്റ് ചെയ്തു തുടങ്ങിയിരിക്കുന്നു. മര്യാദക്കാരനായ അവിടത്തെ പ്രധാനമന്ത്രി ഈജിപ്റ്റിന് സ്വാതന്ത്ര്യം സമ്പാദിക്കാൻ ചെയ്യുന്ന പരിശ്രമങ്ങളെ ഈ രാജ്യദ്രോഹികൾ വിഘ്നപ്പെടുത്തുന്നുവെന്നാണ് പരാതി. നോക്കണേ, എന്തൊരമർഷം. വിവരം കൊടുക്കുന്നവർക്ക് 5000 പവൻ പ്രതിഫലം നൽകുന്നതാണെന്ന് ഒരു പരസ്യവുമുണ്ട്. ചിയാങ്ങിനെയും ഈജിപ്ഷ്യൻ പ്രധാനമന്ത്രി തോല്പിച്ചിരിക്കുന്നു. ചിയാങ്ങ് ഒരു കമ്യൂണിസ്റ്റിന്റെ തലയ്ക്കു് 10,000 ഡോളർ മാത്രമേ കൊടുത്തിരുന്നുള്ളു.

* * *

നാട്ടിലെ ചില പ്രധാനപ്പെട്ട സംഘടനകൾ ആരെ ഒക്കെയാണ് സംഘടനയിൽ നിന്ന് പുറം തള്ളേണ്ടതെന്ന് തകൃതിയായി ആലോചിക്കുകയാണ്. ബാലന് ഒരുഅപേക്ഷയുണ്ട്. ഈ പുറം തള്ളലിന്റെ ബഹളം കഴിയുമ്പോഴെങ്കിലും ആരെ ഒക്കെയാണ് അകത്തു കൊണ്ടുവരേണ്ടതെന്ന് ഒന്നാലോചിക്കണം.

* * *

ഷേക്ക് അബ്ദുള്ളയുടെ കേസ് വാദിക്കുവാനാണ് കാശ്മീറിൽ ചെല്ലുന്നതെങ്കിൽ നിരോധനമില്ലെന്ന് അറിവായിരിക്കുന്നുവെന്ന് അറിവായിരിക്കുന്നുപോലും. തറവാട് സന്ദർശിക്കാനാണ് പോകുന്നതെങ്കിൽ നിരോധിക്കാതെ നിവൃത്തിയില്ല. മോരു് ഇല്ലെങ്കിൽ അല്പം ഉണ്ടുകളയാം എന്നു പറഞ്ഞ അതിഥിയെ ഓർമ്മവരുന്നു.

* * *

സിയൻകോട്ട് (പഞ്ചാബ്) എന്ന സ്ഥലത്തു് ഒരു ക്ഷേത്രം സ്ഥാപിച്ച് ഗാന്ധിജിയുടെ ഒരു വിഗ്രഹം വയ്ക്കാൻ പോകുന്നു. പ്രതിമാനിർമ്മാണം വളരെ ചെലവു കൂടുതലാണ്. അതുകൊണ്ട് ഗാന്ധിജിക്ക് തന്നെ അവിടെ വന്നിരിക്കാൻ സൌകര്യമുണ്ടോ എന്നന്വേഷിച്ചിട്ട് പണിതുടങ്ങുകയാണ് ഭേദം.

* * *

ചിങ്ങമാസത്തിൽ തിരുവിതാംകൂറിൽ നിന്ന് കുറെയധികം ദിനപത്രങ്ങളും വാരികകളും പുറത്തു വരുന്നുണ്ടെന്ന് കേട്ടു. മാനേജിംഗ് എഡിറ്റർമാരുടെയും പത്രാധിപന്മാരുടെയും ഒരു പ്രളയം ഉണ്ടാകാൻ പോകുന്നു. റേഷൻ കാലമല്ലേ. ഹോട്ടലുകളിൽനിന്നുവളരെജോലിക്കാരെ പിരിച്ചുവിടുന്നുണ്ട്

* * *

ബോംബെ റിസർവ് ബാങ്കിലെ പണിമുടക്കക്കാർക്ക് ഡിഫൻസ് നിയമപ്രകാരം നോട്ടീസ് കൊടുത്തിരിക്കുന്നു. യുദ്ധം കഴിഞ്ഞു. എന്നിട്ടും ഡിഫൻസ് തന്നെ. സായ്പ് പോയി, ഇന്ത്യാക്കാരൻ ഭരിച്ചു തുടങ്ങി. എന്നിട്ടും ഡിഫൻസ്. പലതും പറയാൻ തോന്നുന്നു. കേളപ്പേട്ടനെ പേടിച്ച് ബാലൻ ഒന്നും പറയുന്നില്ലെന്നു മാത്രം.

* * *

കൊച്ചിയിലെ കഥ ബഹുരസമാണ്. റാവുസാഹിബിന്റെ സോഷ്യലിസ്റ്റ് പാർട്ടിയും, റാവുബഹദൂറിന്റെ പ്രോഗ്രസീവ് പാർട്ടിയും തമ്മിൽ ഒരു യോജിപ്പ്. എന്താ പാടില്ലാത്തതു്. സർക്രിപ്സും, ലോർഡ് ലോറൻസും സോഷ്യലിസ്റ്റുകളായി ഇംഗ്ലണ്ടിൽ ഞെളിയുന്നില്ലേ. യഥാരാജഃ തഥാ പ്രജഃ

ഒരു ചെറിയ കുഴപ്പം മാത്രമുണ്ട്. റാവുബഹദൂർ പ്രോഗ്രസീവ് അദ്ദേഹത്തിന്റെ നായോടുകൂടി നടക്കുന്ന പൊതുനിരത്തിൽ കൂടി റാവുസാഹിബ് സോഷ്യലിസ്റ്റിനു് നടന്നുകൂടാ. നടന്നാൽ തലയടിച്ചു പൊളിക്കും. തല പൊട്ടിയാലും, റാവു അല്ലെങ്കിലും സാഹിബായിരിക്കുക തന്നെ വേണം! സഖാവ് അയ്യപ്പൻ സഖാവ് മസാനിയെ തോല്പിച്ചിരിക്കുന്നു.

* * *

പ്രസന്നകേരളം എഡിറ്റർക്ക് ഒരു നിർബ്ബന്ധം ബാലൻ പതിമൂന്നാം പേജ് എഴുതണമെന്ന്. പത്രത്തിന് ആകെ പേജ് പന്ത്രണ്ട്. ബാലൻ കുഴങ്ങാതെ എന്താ നിവൃത്തി. പിന്നെ ഒന്നുണ്ട്. ഇതു് ആപേക്ഷിക സിദ്ധാന്തത്തിന്റെ കാലമല്ലേ. ഈ ത്രിമാനലോകത്തിൽ പേജ് എന്ന ദ്വിമാന ആശയം നിലനില്ക്കുന്നതു് ആപേക്ഷികമായിട്ടാണ്. അപ്പോൾ പതിമൂന്നെന്നതും അങ്ങിനെ തന്നെ. പരസ്യം ചേർത്തുകഴിഞ്ഞു് ബാക്കിവരുന്ന സ്ഥലത്തിന് പതിമൂന്നാം പേജ് എന്നു പറയുന്നതു് ചതുർമ്മാനലോകത്തിലെ ആശയമാണ്. പൂർണ്ണമായി മനസ്സിലാക്കുവാൻ ഐൻസ്റ്റീനും ബാലനും മാത്രമേ കഴിയൂ. എന്തിനധികം? വായിക്കുന്നവർക്ക് മനസ്സിലായാൽ മതിയല്ലോ.

# പുതിയ പുസ്തകങ്ങൾ

താഴെപ്പറയുന്നപുസ്തകങ്ങൾ അഭിപ്രായത്തിനയച്ചു തന്നതു കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായത്തിനു എല്ലാ പുസ്തകങ്ങളും രണ്ടു പ്രതിവീതം അയച്ചിരിക്കേണ്ടതാണ്.—

പത്രാധിപർ.

**1. തേൻമുള്ളുകൾ** (കഥകൾ)
ഗ്രന്ഥകർത്താ:-പി. സി. കുട്ടികൃഷ്ണൻ (മംഗളോദയം ലിമിററഡ്, തൃശ്ശൂർ) വില 2 രൂ.

**2. പതിവ്രത** (കഥകൾ)
തകഴി ശിവശങ്കരപ്പിള്ള (ബി. കെ. എം. പ്രസ്സ്, ആലപ്പുഴ) വില 1—4—0

**3. വല്ലാള.** (കവിതകൾ)
പി. ഭാസ്കരൻ (മംഗളോദയം ലിമിററഡ്. തൃശ്ശൂർ) വില 8ണ

**4. പുരോഗമന സാഹിത്യം എന്ത്?**
(ഹരീന്ദ്രനാഥചതോപാദ്ധ്യായ, എം. പി. പോൾ, ജോസഫ് മുണ്ടശേരി, കുററിപ്പുഴ കൃഷ്ണപിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള, ടി. എൻ. ഗോപിനാഥൻ നായർ, എസ്. ഗുപ്തൻനായർ, ജി. ശങ്കരക്കുറുപ്പ്, ആർ.എസ്. കുറുപ്പ്.)
നാഷനൽബുക്ക്സ്റ്റാൾ, കളരിക്കൽ ബസാർ, കോട്ടയം. വില 1 ക. 4 ണ.

**5. ഹാസാങ്കുരം** (ഫലിതസ്മരണകൾ) വക്കം രാമകൃഷ്ണൻ, കടയ്ക്കാവൂർ-വില 10 അണ.

**6. ആറ് റഷ്യൻ കഥകൾ**
പരിഭാഷകൻ എൻ. പി. നാരായൻനായർ, (മംഗളോദയം ലിമിററഡ്, തൃശ്ശൂർ) വില, 1 ക. 4 ണ.

**7. ഇരുട്ടാക്കുക** (കഥ)
ഗ്രന്ഥകാരൻ;-വെർ കോർസ്. വിവർത്തകൻ: എ. മാധവൻ (മംഗളോദയം ലിമിററഡ്, തൃശ്ശൂർ) വില 1 രൂപാ

**8. വില്പനക്കാരി.**
(നോവൽ)തകഴിശിവശങ്കരപ്പിള്ള (ബി. കെ. എം. എസ്, ആലപ്പുഴ)വില 14 അണ.

**9. മാതൃപൂജ** (നാടകം)
കെ. പി. കണിയാർ (പ്രസാധകൻ: കെ. വി. നാരായണൻ നായർ, കല്ലിൽ, പാലാ) വില 1 രൂപാ

**10. മേഘങ്ങൾക്കിടയിൽ.** (കഥകൾ)
ഇടശ്ശേരിത്തു് കുഞ്ഞികൃഷ്ണമേനോൻ (മംഗളോദയം ലിമിററഡ്,തൃശ്ശൂർ) വില 1ക 4ണ.

**11. ഇന്ത്യയിലെ ആദ്യത്തെ വിപ്ലവകാരികൾ.**
രൺധീർസിംഗ്: പരിഭാഷകൻ: കെ. പി. ജി. (ദേശാഭിമാനി പബ്ളിഷിംഗ്ഹൗസ്, ചാലപ്പുറം, കോഴിക്കോട്) വില 8 ണ.

# തൊഴിലാളിലോകം

## പോസ്റ്റൽ പണിമുടക്ക്

(പൗരശക്തി)

തപാൽജോലിക്കാരുടെ പണിമുടക്കം ഈയിടെയെങ്ങും അവസാനിക്കുന്ന ലക്ഷണം കാണുന്നില്ല. അഡ്ജൂഡിക്കേററരുടെ തീരുമാനം ഇപ്പോഴ്ം പണിമുടക്കിയിട്ടുള്ള തപാൽജോലിക്കാരുടെ ആവശ്യങ്ങൾ നിറവേററുവാൻ പര്യാപ്തമായിട്ടുള്ളതല്ലെന്നു മി. വി ജെ ഡാൽവി പ്രസ്താവിക്കുന്നു. തപാൽ ശിപായിമാരും തപാൽ വകുപ്പിലെ താഴ്ന്നതരം ജോലിക്കാരും, ആർ. എം. എസ്. യൂണിയനും സ്വീകരിക്കയില്ലെന്നും, അവരുടെ അവശതകൾക്ക് തൃപ്തികരമായ പരിഹാരം ഉണ്ടാകുന്നതുവരെ പണിമുടക്കം തുടർന്നുകൊണ്ടു പോകുമെന്നുമാണ് അനുമാനിക്കേണ്ടതു്.

പണിമുടക്കം ഇന്ത്യയൊട്ടുക്കു വ്യാപിച്ചുവരുന്നു. കരിങ്കാലികളെ കിട്ടുവാൻ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഇങ്ങനെയൊരു പരിതസ്ഥിതി ഉണ്ടാകുന്നപക്ഷം ഏതൊരു മുരഞ്ഞമുതലാളിയും കീഴ്വഴങ്ങാതെ തരമില്ല. തപാൽക്കാരുടെ പണിമുടക്കം നിയമാനുസൃതമല്ലെന്നും അവർ ഗവമ്മെൻറുമായി കൂടിയാലോചനനടത്തുവാൻ ഒരുമ്പെട്ടില്ലെന്നും, അതിനാൽ അവരെ വിളിച്ചുവരുത്തുവാൻ ഗവമ്മെൻറു തെയ്യാറല്ലെന്നും പറഞ്ഞുകൊണ്ടും അധികൃതന്മാർ അവരുടെ കസാലകളിൽ ഞെളിഞ്ഞിരിക്കുവാൻ പററിയ അവസരമല്ലിതു്.

മററുള്ള തൊഴിൽശാലകളെയും പണിമുടക്കം ബാധിച്ചുകൊണ്ടിരിക്കുന്നു. പലേടങ്ങളിലും അനുഭാവം പ്രദർശിപ്പിക്കുവാൻ മററു തൊഴിലാളികളും പണിമുടക്കുന്നു. ബോംബെ ടെയിഡ്യൂനിയൻ കോൺഗ്രസ്സിനോടു സംയോജിച്ചിട്ടുള്ള 71 യൂണിയനുകളും തപാൽജോലിക്കാരോടുള്ള അനുഭാവം പ്രദർശിപ്പിക്കുവാൻ ജൂലൈ 22-ാംനു പണിമുടക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പണിമുടക്കത്തിൽ രണ്ടു ലക്ഷത്തിൽ പരം തൊഴിലാളികൾ പങ്കെടുക്കും. ഇങ്ങനെ നാട്ടിലാകെ പ്രക്ഷോഭം നടക്കുന്നയവസരത്തിൽ ഗവമ്മെൻറു യാതൊന്നും അറിയാത്തമട്ടിൽ മൗനമവലംബിക്കുന്നതു് ബുദ്ധിപൂർവകമാണെന്നു തോന്നുന്നില്ല.

രാഷ്ട്രീയവും വാണിജ്യപരവുമായ പുരോഗതിക്കു തപാൽമുടക്കം വിഘ്നമായിത്തീർന്നിരിക്കുന്ന സ്ഥിതിക്കു കാര്യത്തിൽ കോൺഗ്രസ്സിനുള്ള നിശ്ചിതമായ അഭിപ്രായം അവരെ അറിയിക്കുവാനോ, അവരുടെ അഭിപ്രായം യഥാസമയം കോൺഗ്രസ്സ് പ്രസിഡണ്ടിനെ അറിയിക്കുവാനൊ സാധിക്കാതെ പോയതുനിമിത്തം അല്പം രാഷ്ട്രീയക്കുഴപ്പം ഉണ്ടായിട്ടുണ്ട്. മുസ്ളീംലീഗ് കൗൺസിൽകൂടുന്നതിനെപ്പററിയും മററും നവാബ് സാദാലിയാക്കത്തു് അലീഖാൻ അയച്ച കത്തുകൾ കൌൺസിൽ അംഗങ്ങൾക്കു കിട്ടിയിരിക്കുവാൻ ഇടയില്ലെന്ന അദ്ദേഹം തന്നെ പ്രസ്താവിക്കുകയുണ്ടായി. രാഷ്ട്രീയമായ കൂടിയാലോചനകൾ നിശ്ചിതസമയത്തു നടത്തുവാൻ സാധിക്കാതെ പോകുന്നതുനിമിത്തം ചിലപ്പോൾ ദൂരവ്യാപകമായ ദോഷങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ട്.

കഴിഞ്ഞ ഫെബ്രുവരിയിൽ ഗവർമ്മെൻറും പോസ്റ്റൽ ജീവനക്കാരും തമ്മിൽ അഭിപ്രായവ്യത്യാസം വളരെ വർദ്ധിക്കുകയും സെൻട്രൽ അസംബ്ളിയിൽ അതിനെക്കുറിച്ച് ആലോചന നടത്തുകയും ചെയ്തതാണ്. ഗവർമ്മെൻറു ഒരു ശമ്പളക്കമ്മീഷനെ നിയമിക്കയും ഗവർമ്മെൻറു സർവീസിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളത്തെപ്പററി അന്വേഷിക്കുവാൻ ഏർപ്പാടുചെയ്കയും ഇടക്കാലത്തെ ദുരിതാശ്വാസത്തിനു മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ അഡ്ജൂഡിക്കേഷ്നെ നിയമിക്കയും ചെയ്തു. അഡ്ജൂഡിക്കേഷൻേറയോ ശമ്പളക്കമ്മീഷൻേറയോ ആലോചനയ്ക്കു വിധേയമാകാത്ത പല അവശതകളും തപാൽജീവനക്കാർക്കുണ്ടെന്നും അവയെപ്പററി ഗവർമ്മെൻറു ഉടൻതന്നെ തീരുമാനിക്കണമെന്നും പോസ്റ്റൽ തൊഴിലാളികൾ ആവശ്യപ്പെടുന്നു.

കൂടിയനിരക്കിൽ ശമ്പളത്തോതു് ഉയർത്തണമെന്നും, ബത്ത, അവധി പെൻഷൻനിയമം എന്നിവ പരിഷ്ക്കരിക്കണമെന്നും പിരിച്ചുവിടൽ നിർത്തണമെന്നുമാണ് പോസ്റ്റൽ തൊഴിലാളികളുടെ ആവശ്യങ്ങളിൽ ചിലതു്.

ഈ ആവശ്യങ്ങളെപ്പററി ആലോചിച്ചശേഷം ഗവർമ്മെൻറു ഒരു കമ്മ്യൂണിക്കെ പുറപ്പെടുവിച്ചു. പന്ത്രണ്ടു ആവശ്യങ്ങളിൽ ഏഴെണ്ണം പുതുതായിട്ടുണ്ടാക്കിയതാണെന്നും മററുമാണ് കമ്മ്യൂണിക്കെയിൽ പറയുന്നതു്. യൂണിയനിലെ ഒരംഗത്തെ ശമ്പളക്കമ്മീഷനിൽ നിയമിക്കാഞ്ഞതിനെപ്പററിയും പോസ്റ്റൽ തൊഴിലാളികൾക്കു ആക്ഷേപമുണ്ട്.

മേൽവിവരിച്ച പല കാര്യങ്ങളെപ്പററിയും പോസ്റ്റൽ സംഘടനകൾക്കു തമ്മിൽതമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു നേതാക്കളുടെപ്രസ്താവനകളിൽ നിന്നു മനസ്സിലാകുന്നു. ഇങ്ങിനെയുള്ള അഭിപ്രായവ്യത്യാസങ്ങൾ സംഘടനകളുടെ ശക്തി കുറയ്ക്കുവാൻ മാത്രമേ ഉപകരിക്കയുള്ളു. തൊഴിലാളികളെ ഭിന്നിപ്പിക്കുവാനുള്ള മാർഗ്ഗം അധികൃതന്മാർക്കു പ്രായോഗികമായി മനസ്സിലാക്കുവാനും അതു സഹായിച്ചേക്കാം ഏതായാലും പോസ്റ്റൽജീവനക്കാർ യോജിപ്പുപ്രദർശിപ്പിക്കേണ്ട അവസരമാണിതു്.

ഗവർമ്മെൻറു പൂർവ്വാധികാവിവേകം പ്രത്യക്ഷമാക്കേണ്ടതും ഈ അവസരത്തിൽ തന്നെയാണ്. പോസ്റ്റൽജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ വകവെച്ചുകൊടുത്തു സ്തംഭനം അവസാനിപ്പിച്ചില്ലെങ്കിൽ പൊതുജനങ്ങൾക്കും ഗവർമ്മെൻറിനും വലിയ കുഴപ്പങ്ങൾ ഉണ്ടാകുന്നതാണ്.

## ആലപ്പി പോർട്ട് വർക്കേഴ്സ് യൂണിയൻ

ആലപ്പി പോർട്ട് വക്കേഴ്സ് യൂണിയൻ മാനേജിംഗ് കമ്മററിയുടെ ഒരു യോഗം സ: വി. എ. സൈമൺ ആശാൻെറ അദ്ധ്യക്ഷതയിൽ യൂണിയൻ ആഫീസ്സിൽ വച്ചു കൂടി. മുതലാളി തൊഴിലാളി—ഗവൺമെൻറു് പ്രതിനിധികൾ ചേർന്നു് 24-1-46 ൽ മെ. മധുരക്കമ്പനിയിൽ വച്ചു ചേർന്ന യോഗനിശ്ചയ പ്രകാരം കൂലി തീർത്തു കൊടുക്കാതിരിക്കുകയും അതു സംബന്ധിച്ച് യൂണിയനിൽ നിന്നു അയച്ച കത്തുകളെ നിരാകരിക്കയും ചെയ്ത വള്ളമുടമസ്ഥന്മാരുടെ വീടുകളുടെ മുൻവശത്തോ—ആഫീസ്സുകളുടെ മുൻവശത്തോ—അടുത്ത ആഗസ്റ്റ് ഒന്നാം തീയതി മുതൽ (കക്കടകം 16) പിക്കററിംഗ് തുടങ്ങണമെന്നും ഇതുസംബന്ധിച്ചു് തുടർന്നുള്ള നടപടി നടത്തുന്നതിനു് ഇതിലേയ്ക്കു് തെരഞ്ഞെടുക്കപ്പെട്ട സബ് കമ്മററിയെ അധികാരപ്പെടുത്തുകയും ചെയ്തു. കത്തുവണ്ടിപ്പരിപ്പു നിരോധനം നീക്കുവാൻ ഇൻഡ്യാ ഗവൺമെൻറിനോടും അതിനു ശുപാർശ ചെയ്യുവാൻ തിരുവിതാംകൂർ ഗവൺമെൻറിനോടും ആവശ്യപ്പെടുന്നു.

അഞ്ചൽ പകുതിക്കച്ചേരി മൈതാനത്തു വച്ചു് സ്ഥിരം പ്രസിഡൻറു് സ: എം. എൻ. ഗോവിന്ദൻ നായരുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. പുതിയ ഭരണ പരിഷ്ക്കാരം, ഭക്ഷ്യനില, മുതലായവകൾ വിശദീകരിച്ച് കെ. ജി. എൻ. ഫാക്ടറിയിലെ തൊഴിൽ തക്കത്തെപ്പററി സ: കെ. നാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.

പനവേലി അഞ്ചൽ ആഫീസ്സിനു സമീപം വച്ചു് സ്ഥിരം പ്രസിഡൻറ് സ: എം. എൻ. ഗോവിന്ദൻ നായരുടെ അദ്ധ്യക്ഷതയിൽ ഒരു പൊതു യോഗം കൂടി. പോസ്റ്റൽ പണിമുടക്കിൽ സഹഭാവം, പുനലൂർ പേപ്പർമിൽ, കൊല്ലം മുൻസിപ്പൽ തൊഴിൽക്കുഴപ്പം, മുതലായവയിൽ ഗവൺമെൻറു് ഉടനടി ഇടപെട്ടു തീരുമാനമുണ്ടാക്കണമെന്നു് ആവശ്യപ്പെടുന്ന പ്രമേയങ്ങൾ പാസ്സാക്കി. യോഗത്തിൽ സഖാക്കൾ, സി. ഒ. മാത്യു കെ. ആർ. നാണു എന്നിവർ ഭക്ഷണക്ഷാമം തൊഴിൽത്തർക്കങ്ങൾ എന്നിവ വിശദീകരിച്ച് ഓരോ പ്രസംഗം ചെയ്തു.

---

## മൂവാററുപുഴ താലൂക്കിലെ നൂൽവിതരണം

(കെ. ററി. ജേക്കബ്ബ്)

വസ്ത്രത്തിനുള്ളവിലയും ക്ഷാമവും ഒന്നുപോലെ വർദ്ധിച്ചുവരുന്ന ഇക്കാലത്തു് കയ്ത്തറിനെയ്ത്തു് വ്യവസായം അധഃപതിക്കാതിരിക്കേണ്ടതു്, ഈ തൊഴിലിൽ ഏപ്പെട്ടിരിക്കുന്നവരുടേയും നാട്ടുകാരുടേയും ഒന്നുപോലെയുള്ള ആവശ്യമാണല്ലോ.

എന്നാൽ പല കാരണവശാലും മൂവാററുപുഴ താലൂക്കിലെ കയ്ത്തറിനെയ്ത്തു് വ്യവസായം തികഞ്ഞ സ്തംഭനാവസ്ഥയെ പ്രാപിച്ചിരിക്കുന്നതായി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ചുരുങ്ങിയ തോതിലാണെങ്കിലും കയ്ത്തറിനെയിത്തു് വിവസായം അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള ഉത്തരതിരുവിതാംകൂറിലെ ഒരു പ്രധാന കേന്ദ്രമാണ് മൂവാററുപുഴതാലൂക്ക്. റേഷ്യൻ നൂൽ അനുവദിച്ചിട്ടുള്ള ഏകദേശം 600-ഉം തറികൾ ഈ താലൂക്കിൽ ഉള്ളതായി അറിയുന്നു. ഇതു കൂടാതെ നൂൽ അനുവദിച്ചിട്ടില്ലാത്ത ധാരാളം തറികളും ഈതാലൂക്കിൽ ഉണ്ട്. ഇക്കഴിഞ്ഞ വൃശ്ചികം, ധനു വരെ തറി ഒന്നിനു് ഏതാണ്ട് 2 കെട്ടുനൂൽ വീതം ലഭിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. തങ്ങൾ ഏർപ്പെട്ടിരിക്കുന്ന തൊഴൽ മുടങ്ങാതെ കൊണ്ടുപോകുന്നതിനും മററുമായി 36 രൂപാവരെ വിലകൊടുത്തു് കരിഞ്ചന്തയിൽ നിന്നുമാണ് തറിക്കാർ നൂൽ വാങ്ങുന്നതെന്നു പറയപ്പെടുന്നു.

ഈ താലൂക്കിലെ പ്രധാന കൈയ്ത്തറിനെയ്ത്തു് കേന്ദ്രങ്ങൾ മുളവൂർ, കോതമംഗലം, രാമമംഗലം, ആരക്കുഴ, കൂത്താട്ടുകുളം, എന്നീ പ്രദേശങ്ങൾ ആകുന്നു. ഏകദേശം ആയിരത്തിനുമേൽ വേലക്കാർ ഈ തൊഴിലിൽ ഏപ്പെട്ട് കാലയാപനം ചെയ്തുപോരുന്നു. 10-ഉം ഹോൾസെയിൽ കച്ചവടക്കാർ തന്നെ ഈ താലൂക്കിൽ ഉണ്ട്.

കൂത്താട്ടുകുളം പകുതിയിൽതന്നെ 40-ഉം തറികൾ ഉള്ളതിൽ 30-ഉം തറികൾക്ക് നാലഞ്ചുമാസം മുമ്പുവരെ നൂൽ കിട്ടിക്കൊണ്ടിരുന്നു. ഈ പകുതിയിൽ 100-ഉം ആളുകളും അവരുടെ കുടുംബങ്ങളും പ്രധാനമായി ഈ തൊഴിലിനെ ആശ്ര

## ലൂസി ലൈററ്ഫൂട്ട്

# ആനന്ദശിവറാം

[നൃത്തകലയ്ക്ക് കേരളം നൽകിയിട്ടുള്ള സംഭാവന അഭിമാനകരമാണ്. വിശ്വപ്രഖ്യാതരായ നർത്തകന്മാരെല്ലാവരും തന്നെ കേരളത്തിൽ വന്ന് ശിക്ഷണം കഴിഞ്ഞവരാണ്. ഉദയശങ്കറും, രാമഗോപാലും, മേനകയും, രാഗിണിയും എല്ലാം അവരുടെ കലയുടെ പൂർണ്ണത കണ്ടെത്തിയത് കേരളത്തിലാണ്. ഉദയശങ്കറിനേക്കാൾ മെച്ചമെന്ന് അമേരിക്കൻ വിമർശകന്മാർ വിധിച്ച മാധവനും ആനന്ദശിവറാമും കേരളീയരാണ്. ആ ഉൽകൃഷ്ട സംഘത്തിൽ ഇനിയുമുണ്ട് പേരുകൾ. ഇവർ കേരളത്തിലേക്കാൾ കൂടുതൽ അറിയപ്പെടുന്നത് പുറത്താണെന്നു തോന്നുന്നു. ഈ ലേഖന കർത്രിയായ ലൂസിലൈററ്ഫൂട്ട് വിശ്വവിഖ്യാതയായ ഒരു നർത്തകിയാണ്. അവർ അടുത്ത കാലത്ത് സ്വദേശമായ ആസ്ട്രേലിയായ്ക്കു പുറപ്പെടുന്ന വേളയിൽ പ്രസന്നകേരളത്തിനുവേണ്ടി എഴുതിയ ലേഖനത്തിൻെറ പരിഭാഷയാണ് ഇതു്. മി. ശിവറാമും നൃത്തകലയുടെ പ്രചരണത്തിനായി ഉടനെ ആസ്ട്രേലിയായ്ക്കു പോകുന്നുണ്ട്. —പത്രാധിപർ.]

വളരെ താഴ്ന്നനിലയിൽ നിന്ന് ഇന്ത്യയുടെ ഒന്നാംകിട കലാകാരന്മാരിൽ ഒരാളായിത്തീർന്ന ആനന്ദശിവറാമിനെപ്പററി കേരളത്തിന് അഭിമാനിക്കാവുന്നതാണ്.

യാഥാർത്ഥ്യം ഭാവനയെക്കാൾ വിചിത്രമാകാറുണ്ട്. ശിവറാമിൻെറ കഥ രസകരമായ ഒന്നാണ്. അദ്ദേഹം പറവൂരിനടുത്തുള്ള ഏഴിക്കരയിൽ ജനിച്ചു. ആശയാവിഷ്ക്കരണത്തിനു കഥകളിക്കുള്ള കഴിവും വേഷങ്ങളുടെ വർണ്ണവൈവിധ്യവും കുട്ടിയായ ശിവറാമിനെ ആകർഷിച്ചു. ശിവറാമിൻെറ അച്ഛനായ ഗോപാലപ്പണിക്കർ ഒരു കഥകളിക്കാരനായിരുന്നതുകൊണ്ട് ചെറുപ്പത്തിൽ തന്നെ ആ കലയുമായി ശിവറാമിന് അടുത്ത പരിചയം സിദ്ധിച്ചു. ബാലൻെറ ഉത്സാഹം കണ്ട് പിതാവ് ശിവറാമിന് നല്ല ശിക്ഷണം കൊടുക്കുവാൻ തീരുമാനിച്ചു.

വേണ്ടത്ര ആരോഗ്യമില്ലെങ്കിലും ശിവറാം കഥകളിസംഘവുമായി ഗ്രാമം തോറും നടന്നു. ഈ യാത്രയ്ക്കിടയിലാണ് മഹാകവി വള്ളത്തോൾ ശിവറാമിനെ കണ്ടെത്തും. അദ്ദേഹം ശിവറാമിൻെറ കലാപാടവം മനസ്സിലാക്കി "കേരളകലാമണ്ഡലത്തിലെ പരിശീലനത്തിനായി ക്ഷണിച്ചു.

കലാമണ്ഡലത്തിലെ അഭ്യസനകാലത്തെപ്പററി ശിവറാമിന് അനിർവാച്യമായ ആനന്ദമാണുള്ളതു്. മാങ്ങാപറിക്കിയും, കുളത്തിൽ കുളിച്ചും അവിടെ ചെലവാക്കിയ ദിനങ്ങൾ ഇന്നും അദ്ദേഹത്തിൻെറ മനസ്സിൽ നിന്ന് മാഞ്ഞുപോയില്ല. അദ്ദേഹത്തിൻെറ മൂന്നു ഗുരുക്കന്മാരെപ്പററിയും,—പ്രത്യേകിച്ച് കുഞ്ചുക്കുറുപ്പവർകളെക്കുറിച്ചും ശിവറാമിനുള്ള ബഹുമാനം സീമാതീതമാണ്. മഹാകവിയെ അദ്ദേഹം ആരാധിക്കുന്നു.

ശിവറാമിൻെറ അംഗവിക്ഷേപങ്ങളുടെ സൌകുമാര്യം കലാമണ്ഡലം സംഘത്തിലെ ശ്രീ കൃഷ്ണനാക്കി ശിവറാമിനെ ഉയർത്തി. കലാമണ്ഡലം നടത്തിയ അഖിലേന്ത്യാ പര്യടനത്തിനിടയിൽ ശിവറാം രോഗബാധിതനായി. ആ നിലയിൽ അദ്ദേഹത്തെ കണ്ട ഒരു യൂറോപ്യൻ വനിതയുടെ സഹായം കൊണ്ടാണ് അദ്ദേഹം പിന്നീട് ആരോഗ്യം വീണ്ടെടുത്തതു്.

ശിവറാം മരിച്ചുപോയതായി കേരളത്തിൽ ഒരിക്കൽ പ്രബലമായ കിംവദന്തിയുണ്ടായി. ശിവറാം അന്ന് സിലോണിൽ പ്രകടനങ്ങൾ നടത്തുകയായിരുന്നു. അത്തരം ഒരു പ്രകടനം കണ്ട ഒരാൾ സിലോണിലെ ഒരു പ്രസിദ്ധ കലാവിദ്യാലയത്തിലെ അദ്ധ്യാപകനായി അദ്ദേഹത്തെ നിയമിച്ചു. ഇക്കാലത്താണ് ശിവറാം ഇംഗ്ലീഷ് പഠിച്ചതു്, കൊളമ്പിലെ റീഗൽ തീയേററിൽ വച്ച് ശിവറാം നടത്തിയ ഒരു പ്രകടനത്തെപ്പററി പത്രങ്ങൾ വിമർശിച്ചതു്, "അദ്ദേഹത്തിൻെറ ശിരഃകമ്പനം സംസാരിച്ചു; അദ്ദേഹത്തിൻെറ കൈകൾ സംസാരിച്ചു; അദ്ദേഹത്തിൻെറ വിരലുകളും സംസാരിച്ചു;" എന്നായിരുന്നു.

ശിവറാം ഇന്ത്യയിൽ തിരിച്ചെത്തിയതോടുകൂടി പലരും അദ്ദേഹത്തെ ക്ഷണിച്ചുതുടങ്ങി. കലാമണ്ഡലത്തിലെ പ്രധാന നർത്തകനായി അദ്ദേഹം ക്ഷണിക്കപ്പെട്ടു. മാഡം മേനകയും രാമഗോപാലും വിദേശപര്യടനത്തിന് ശിവറാമിനെ ക്ഷണിച്ചു. പക്ഷെ ഇതിലെല്ലാം ശിവറാമിന് അഭികാമ്യമായി തോന്നിയതു് ഇന്ത്യൻ നൃത്തകലയിൽ വിപ്ളവം സൃഷ്ടിച്ച ഉദയശങ്കറിൻെറ ക്ഷണമായിരുന്നു. ശിവറാം അതു് സ്വീകരിച്ചു. ആൽമോറായിലേക്കു തിരിച്ചു.

വേഷവിധാനം, ചമയൽ, പ്രകടനരീതികൾ, അച്ചടക്കം, സംഘടന മുതലായവ എല്ലാം ആൽമോറായിൽവച്ച് ശിവറാം പഠിച്ചു. ഇന്ത്യൻ പൌരാണികനൃത്തത്തിൽ ശിവറാമിനുണ്ടായിരുന്ന പാടവം ഉദയശങ്കറെ തന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ശിവറാം ഉദയശങ്കറിൻെറ കൂടെ ഉത്തരേന്ത്യൻ പര്യടനം നടത്തി. യുദ്ധംമൂലം വിദേശപര്യടനത്തിന് മാർഗ്ഗമില്ലാതായിത്തീർന്നു. ഒരു വർഷത്തിനകം ശിവറാം ആൽമോറായിൽനിന്ന് രാജിവച്ചു.

ശിവറാം വിജയങ്ങൾ ഒന്നൊന്നായി കരസ്ഥമാക്കിത്തുടങ്ങി. ശിവറാമിൻെറ നൃത്തത്തിൻെറ താളക്കൊഴുപ്പും, കരചരണാദികളുടെ പ്രയോഗവും, ശരീരലാഘവവും എല്ലാം ഒരുപോലെ വിമർശകന്മാരുടെ അഭിനന്ദനത്തിനു പാത്രമായിട്ടുണ്ട്.

വിജയം ശിവറാമിനെ അന്ധനാക്കിയിട്ടില്ല. ഇന്നും കേരളത്തിലേക്ക് തിരിച്ചു പോകാനാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്. പക്ഷെ ഇന്ന് ധനപരമായി അദ്ദേഹത്തിന് അതിന് കഴിവില്ല. അദ്ദേഹത്തിൻെറ ഏററവും വലിയ ആശയെന്തെന്ന് ചോദിച്ചതിനു കിട്ടിയ ഉത്തരം, തിരുവിതാംകൂറിൽ അനാഥകുട്ടികൾക്കായി ഒരു ഭവനം സ്ഥാപിക്കണമെന്നായിരുന്നു.

---

... യിച്ചു ജീവിച്ചുപോരുന്നവരാണ്. എന്നാൽ ഇപ്രാവശ്യം മൂവാററുപുഴ താലൂക്കിലാകെ ഇപ്പോൾ 80 ഇ. തറിക്കാർക്ക മാത്രമെ നൂൽ അനുവദിച്ചിട്ടുള്ള എന്നറിയുന്നു. തൻമൂലം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തറി ഉടമസ്ഥന്മാരും വേലക്കാരും ഒന്നുപോലെ വിഷമിക്കുന്നു. നൂലിൻെറ അഭാവത്തിൽ തുണിയുടെ ഉല്പാദനം സ്തംഭിച്ചുവരുന്നു. അതുകൊണ്ട് നാട്ടുകാർക്ക് വിശേഷിച്ചു സാമാന്യജനങ്ങൾ ഉപയോഗിക്കുന്ന വസ്ത്രവും ഇല്ലാതെവരുന്നു. ഈ വിഷമാവസ്ഥയെപ്പററി, താലൂക്കിൻെറ പലഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന തറി ഉടമസ്ഥന്മാരും, തൊഴിലാളികളും പരാതിപ്പെടുന്നുണ്ടെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് ഇന്നുള്ള താലൂക്ക് ടെക്സ്ററയിൽകമ്മററിയും ഒന്നും ചെയ്യുന്നതായിക്കാണുന്നില്ല. കയ്ത്തറി നെയ്ത്ത് ഉടമസ്ഥന്മാരും വേലമുടങ്ങിയിരിക്കുന്ന തൊഴിലാളികളും, പൊതുജനങ്ങളും ഒന്നുചേർന്ന് ആലോചിച്ച് വേണ്ടതു് ഉടനടി പ്രവർത്തിക്കേണ്ടതു് ഈ താലൂക്കിൻെറ അടിയന്തിരാവശ്യമാകുന്നു.

.... ...

---


## പ്രസന്നകേരളം

കളരിക്കൽബസാർ കോട്ടയം.

വരിസംഖ്യ

| | |
|---|---|
| ഒരാണ്ടത്തേക്ക് | 6 ക. |
| ആറുമാസത്തേക്ക | 3 ക. |
| മൂന്നുമാസത്തേക്ക | ഒന്നരക. |

വി. പി. ഏർപ്പാടില്ല.

പരസ്യക്കൂലിക്ക് എഴുതി ചോദിക്കുക.

മാനേജർ
പ്രസന്നകേരളം
കോട്ടയം



കേരളത്തിലെ
## ചലച്ചിത്രനിർമ്മാണ
സംരംഭത്തിൻെറ
അരുണോദയം

* * *

പ്രതീക്ഷിക്കുക

കേരളടോക്കീസിൻെറ പ്രഥമ സാമൂഹ്യചിത്രം

?

ഡയറക്ടർ ബോർഡ് ചെയർമാൻ
ഗ്രാൻഡ് ഷവലിയർ റാവുസാഹിബ് സി. പി. ലോനപ്പൻ
സ്റുഡിയോ:—മോഡേൺ തിയേറേഴ്സ്, സേലം
ഡയറക്ടർ—ഷ്. വി കൃഷ്ണയ്യർ, പാലക്കാട്
(Late of "Pragati Studios, Madras)
സംഗീത ഡയറക്ടർ:—ഇ. ഐ. വാരിയർ, തൃശ്ശിവപേരൂർ.
(Late of "His Mrster's Voice" Madras and Jayant Desai Productions. Bombay)

**A FEW MORE SHARES AVAILABLE**

*Apply sharp:* P. J. CHERIAN & SONS,
Managing Agents,

**Kerala Talkies Limited, Ernakulam.**

## അന്യന്റെ മകൻ

(3-ാം പേജിൽനിന്നു തുടർച്ച)

ന്നെ ജീവിക്കുന്നതു്! പട്ടിണി കിടന്നു ചാവുകയാണെന്നു വച്ചാൽ എനിക്കും അവന്റെ കൂടെ ഒന്നിച്ചു ചാവാം." പെറ്റ വയറല്ലേ പതയ്ക്കും. മാധവി എന്നോടു് ഇതെല്ലാം വിവരിച്ചു വിവരിച്ചു പറഞ്ഞു. എന്നിട്ടു് ചോദിച്ചു:—"അപ്പഴേ—"

"എന്താ?"

"ആ കുട്ടിയെ നമുക്കു വാങ്ങിക്കൂടെ?"

വാങ്ങാനോ? മാങ്ങയോ ചക്കയോ മറ്റോ ആണോ?

ആ സ്ത്രീ തരാൻതയാറാണോ
എന്നിട്ടോ
വളർത്തുക
ശരി പക്ഷേ—
എന്താ?

ഒന്നിനുമാത്രം പോന്നാൽ അതു തള്ളയെയന്വേഷിച്ചു പോകും. അപ്പഴോ?"

"അതൊന്നുമില്ല. നമ്മളെയല്ലേ "അച്ഛാ" "അമ്മേ" എന്നു വിളിച്ചു ശീലിക്കുക."

"ഒടുക്കം വിഷമമാവില്ലല്ലോ, മാധവി?"

"എന്തായാലും ഒരു കുട്ടിയല്ലേ."—അവൾക്കു് അതൊരു സമാധാനമായിരുന്നു.

നേരാണതു്. എന്തായാലും ഒരു കുട്ടിയാണല്ലോ! മാധവിയുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളാൻ ഞാൻ സമ്മതിച്ചു.

പിറ്റേന്നു് ഈ വർത്തമാനം കേട്ടപ്പോൾ കുങ്കിയമ്മ കലശലായി സന്തോഷിക്കയാണു ചെയ്തതു്. തന്റെ മകൻ സുഖമായി ജീവിക്കുമല്ലോ! ആയമ്മ പറയുകയാണു്: "മാധവിഅമ്മേ, ഈശ്വരന്മാരു് നിങ്ങളെ കുഴക്കില്ല;"

എന്നിട്ടും, കോലാലംപൂരിലേക്കു പോകുന്ന ദിവസമേ രാജനെ ഇവിടെ കൊണ്ടുവന്നാക്കിയുള്ളു. കുട്ടിയെ എന്റെ ഭാര്യയുടെ കൈയിൽ കൊടുത്തപ്പോൾ ആ സ്ത്രീ നെഞ്ഞുപൊട്ടിക്കരഞ്ഞു: "മാധവിഅമ്മേ, ഇതു നിങ്ങളുടെ മകനാണ്, കേട്ടോ.... ഒക്കെപ്പാടെ ആലോചിക്കുമ്പോൾ ഒന്നും വേണ്ടായിരുന്നുവെന്നു തോന്നുകയാണു്....എന്റെ മോനേ, നിന്നെ ഇനി അമ്മ കാണുമോ?.... എന്റെ ഈശ്വരന്മാരേ!...." ആ സ്ത്രീ ബോധംകെട്ടു വീണില്ല.

ഞങ്ങൾക്കും കരച്ചിൽവന്നു. പക്ഷേ, ആ അമ്മയെ തടുത്തുകൂടല്ലോ ആ അമ്മയ്ക്കു വിശക്കില്ലല്ലോ!

കുങ്കിയമ്മ തിരിഞ്ഞു നോക്കിക്കൊണ്ടു പടി കടന്നു.

രാജൻ എന്റെ ഭാര്യയുടെ മടിയിലിരുന്നു പൊട്ടിച്ചിരിച്ചു. പൂമ്പാറ്റയ്ക്കും പൈതലിനും പക്ഷപാതമുണ്ടോ? എവിടെയാണു മധുരം എന്നു വച്ചാൽ അവിടെ സുഖം!

കുങ്കിയമ്മ പോയിട്ടും രണ്ടു ദിവസത്തിനു് ഒരു വിഷാദം ഈ വീട്ടിൽ തങ്ങിനിന്നു. എങ്കിലും രാജശേഖരന്റെ—എന്റെ ഭാര്യയാണു് ആ പേരിട്ടതു്—പൊട്ടിച്ചിരിയിലും വിലാസങ്ങളിലും എല്ലാം അമർന്നുപോയി.

മാധവിയ്ക്കു് ഇതിനേക്കാൾ വലിയൊരു ഉത്സവമുണ്ടാവാനില്ല. എപ്പോൾ നോക്കിയാലും കുട്ടിയെ കുളിപ്പിക്കലും, പൊട്ടു തൊടുവിക്കലും, പാലു കൊടുക്കലും, കളിപ്പിക്കലും പാട്ടു പാടിയുറക്കലും— തിരക്കുതന്നെ. കുട്ടികളില്ലാത്തവർക്കേ കുട്ടികളുടെ വിലയറിയൂ.

അതേവരെ നിശ്ശബ്ദമായി കിടന്നിരുന്ന ഈ വീട് ഒരൊറ്റ ദിവസംകൊണ്ടു ശബ്ദായമാനമായി: രാജനു പാലു കാച്ചിയോ? രാജനെ കുളിപ്പിക്കാൻ വെള്ളം ചൂടായില്ലേ? രാജന്റെ കുപ്പായമെവിടെ? കുറച്ചു ചെറുപയറു നന്നെ മിനുക്കനെ അരച്ചു വയ്ക്കണേ, രാജനെ തേപ്പിക്കാൻ. ചെറിയ കുട്ടികളെ സോപ്പു തേപ്പിച്ചു കുളിപ്പിക്കരുതു്: മേലെല്ലാം ചൂടു കുരു പൊന്തും എവിടുന്നാണു മാധവിക്കു് ഇതു പെട്ടെന്നു്

---

അടുത്ത ലക്കത്തിലെ ചെറുകഥ

### ചെക്കോവിന്റെ

# ശത്രു

വിവർത്തകൻ:

പി വി രാമവാരിയർ

---

ഈ വൈദ്യവിധിയൊക്കെ പഠിഞ്ഞതെന്നു ഈശ്വരനേ അറിയൂ.

രാത്രി ആ ചെക്കനൊന്നു കരഞ്ഞിയാൽ മതി അവളുണരാൻ. പിന്നെ അവൻ ഉറങ്ങുന്നതുവരെ ചുമലിൽ കിടത്തിക്കൊണ്ടു നടക്കും ചുരുക്കത്തിൽ മാധവിയുടെ മുലചുരത്തുമോ എന്നു എനിക്കറിയില്ല!

എനിക്കും തോന്നി എന്തെന്നില്ലാത്ത ഒരു സന്തോഷം. വയലിൽപ്പോകുന്നതും വിതക്കുന്നേടത്തും നടുന്നേടത്തും ചെന്നു പണിക്കാരെ ശാസിക്കുന്നതും കൊറവാട്ടരണവും ദൃഷ്ടിപ്പനല്ലാതായി- വല്ലതും സമ്പാദിച്ചു വെക്കാൻ ഒരു രസം!

ഒരു ദിവസം മാധവി എന്നോടു സ്വകാര്യം ചോദിച്ചു. "ആ കുങ്കിയമ്മ ഇനി വരില്ല ഉവ്വോ? ആയമ്മയുടെ മണ്ണു് കോലാലമ്പൂരിൽ തന്നെ"

ഞാൻ ഒന്നും മറുപടി പറഞ്ഞില്ല. ഒരു പേടി എന്റെ ഹൃദയത്തിലൂടെ പാഞ്ഞുപോയി.

വളരെ കൊല്ലങ്ങൾക്കു ശേഷം ഈ വീട്ടിൽ ചില കളിക്കോപ്പുകൾ ചിതറിക്കിടന്നു.

രാജൻ എന്നെ ആദ്യം "അച്ഛാ" എന്നു വിളിച്ച ദിവസം ഇപ്പോഴും എനിക്കോർമ്മയുണ്ടു്. മാധവി പറഞ്ഞു കൊടുത്തിട്ടാണു അവൻ വിളിച്ചതു. ആ കുട്ടി ഇപ്പോൾ എല്ലാം മറന്നില്ലേ...

ദിവസങ്ങൾ സുഖമായി കഴിഞ്ഞുപോയി. ചിങ്ങം വന്നു, ഓണം വന്നു. ധനുവും തിരുവാതിരയും മേടവും വിഷുവും-അങ്ങനെ പലതു കഴിഞ്ഞു,

നാലഞ്ചു വയസ്സുപ്രായമുള്ളപ്പോൾ കുട്ടിരാജനെ ഒക്കത്തു വച്ചുകൊണ്ടാണു മാധവി അമ്പലത്തിലേക്കു കൊണ്ടുപോവുക. അപ്പോഴൊക്കെ ഞാൻ പരിഹസിക്കാറുണ്ടു്. കുറച്ചുകൂടം പോയാൽ പിന്നെ രാജൻ അമ്മയെ എടുത്തു ഒക്കത്തുവച്ചുകൊള്ളും.

"എന്താ എടുക്കാതെ? മാധവി എന്നോടു ചോദ്യത്തിനുനില്ക്കും. അമ്മയ്ക്കു വയ്യാതായാൽ എന്റെ മോൻ എടുക്കില്ലേ!"

രാജൻ പൊട്ടിച്ചിരിക്കും. ഇപ്പോൾ ആ എന്റെ മോൻ എവിടെ?

അവനെ അയൽപക്കത്തുള്ള എലിമെന്ററി സ്കൂളിൽ ചേർത്തു. ഹൈസ്കൂൾ കുറച്ചു ദൂരെയായിരുന്നു അങ്ങോട്ടു അയക്കാൻ മാധവിക്കു സമ്മതമില്ല. നിത്യവും അവന്റെ കൂടെ അവൾ അമ്പലനടയ്ക്കലുള്ള ആൽത്തറവരെ ചെല്ലും. ആ ആൽത്തറമേൽ നിന്നു അവൻ സ്കൂളിലേക്കു കയറുന്നതുവരെ നോക്കും. അപ്പോഴൊക്കെ ഞാൻ പറയാറുണ്ടു് നിന്റെ മകനെ ആരും പിടിച്ചു തിന്നില്ല

പിടിച്ചു തിന്നുമെന്നു വെച്ചിട്ടാ! വഴിക്കു വല്ല കന്നും കാളയും ഉണ്ടെങ്കിലോ? ഈ പ്രദേശത്തുള്ളോർക്കാണെങ്കിൽ നാൽക്കാലികളെ കെട്ടിയിടുകഎന്നൊരു സമ്പ്രദായമേ ഇല്ല:

പാവം തന്റെ കുട്ടിക്കു വേണ്ടി ലോകം മുഴുവൻ പാകപ്പെടേണമെന്നാണു മാധവിയ്ക്കു്. അമ്മമാർക്കൊക്കെ അങ്ങിനെയാണു് മോഹം!

രാജനു പത്തുവയസ്സു കഴിഞ്ഞു. പത്തു കൊല്ലം പറന്നങ്ങു പോയി. അവൻ അഞ്ചാംക്ലാസ്സിൽ പഠിക്കയായിരുന്നു. ഒരു നാൾ അവൻ സ്കൂളിൽനിന്നു വന്നു ചിന്താധീനനായിരിക്കുന്നതു് മാധവി കണ്ടു.

"എന്താ, രാജാ, ഇന്നു കാപ്പി വേണ്ടേ?"

"വേണ്ടാ."

"സുഖമില്ലേ, മോനേ?"—അവൾ ശരീരത്തിൽതൊട്ടു ചൂടുണ്ടോ എന്നു നോക്കി.

"ഒന്നുമില്ല"

"പിന്നെ?"

അവൻ നിശ്ശബ്ദനായി ഇരുന്നു. മാധവിയുടെ വളരെ നേരത്തെ നിർബന്ധത്തിനുശേഷം പറഞ്ഞു "അമ്മയല്ലാതെ എന്റെ അമ്മ. എന്റെ അമ്മ നാടുപുറപ്പെട്ടുപോയിപോൽ— ഞങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന നാണി പറയുക........"

മാധവി തരിച്ചുനിന്നു. അവളുടെ സ്വപ്നസാമ്രാജ്യം അപ്പടി തകർന്നുവീഴുകയാണു്. എങ്കിലും, അവൾ രാജനെ സമാധാനപ്പെടുത്തി, കണ്ട പെണ്ണുങ്ങൾ പറയുന്ന കുസൃതി കേട്ടു എന്റെ മോൻ വ്യസനിക്കരുതെന്നു്.

രാജന്റെ ഈ ചോദ്യം എന്റെ ഹൃദയത്തിലും ഒരു ഇടിവാൾ വീശി. എങ്കിലും ഞാൻ ആശിച്ചു, കാലം എല്ലാം ശരിപ്പെടുത്തുമെന്നു്.

പക്ഷെ, അവനെ ഇനി സ്കൂളിൽ അയച്ചുകൂടാ. ഇതു മാധവിയുടെ പിടുത്തമായിരുന്നു. ഇവിടെവച്ചു ഒരു വൃദ്ധൻമാസ്റ്റർ അവനെ പഠിപ്പിക്കുവാൻ തുടങ്ങി. പാവം, സാധു ടീച്ചർ വന്നു മടങ്ങിപ്പോയി!

ആപത്തെല്ലാം ഒഴിഞ്ഞുവെന്നു ഞാൻ വിശ്വസിച്ചുപോന്നു. വാസ്തവത്തിൽ, ജീവിതത്തിൽ ഒരിക്കലും അങ്ങിനെ വിശ്വസിച്ചുകൂടാ. ഇന്നലെ പ്രഭാതത്തിൽ എത്ര പ്രസന്നതയോടും പ്രശാന്തതയോടുംകൂടിയാണു ഞങ്ങൾ ഉണർന്നതു്. രാജാ എഴുന്നേൽക്കു, പല്ലുതേച്ചു കാപ്പികുടിച്ചു് പോയി വല്ലതും പഠിക്കൂ എന്നിങ്ങനെ മാധവിയുടെ നിത്യവുമുള്ള തുകിലുണർത്തൽ കേട്ടുകൊണ്ടാണു ഞാൻ ഉണർന്നതു്. ഒരുന്മേഷക്കുറവും എനിക്കു തോന്നിയില്ല. ഒരു ദുഃശകുനവുമുണ്ടായില്ല.

എട്ടുമണിയായി കാണും. ഞാൻ പാടത്തേക്കു ഒന്നിറങ്ങണം എന്നു വിചാരിക്കുകയാണു്—കന്നുപൂട്ടുന്നേടത്തുന്നു ചെന്നു നോക്കണം. പെട്ടെന്നതാ; പടികടന്നു് ഒരു സ്ത്രീ ഇങ്ങുവരുന്നു. എന്റെ ഭഗവാനേ, ആരാണതു്? കുങ്കിയമ്മ!

എന്റെ എല്ലാ നാഡികളും തളർന്നുപോയി ഞാൻ ഇരുന്നു.

കുങ്കിയമ്മ നേരെ ഉമ്മറത്തേക്കു വന്നു. ആയമ്മ ആകെയും മാറിയിട്ടുണ്ടു്. തടിച്ചുവെളുത്തു കൊഴുത്തിരിക്കുന്നു. കാതിലും കഴുത്തിലും നിറയെ ആഭരണങ്ങൾ ഉടുത്തതോ കസവുതരങ്ങൾ. ആയമ്മ പണ്ടത്തെപ്പോലെ, മുറ്റത്തൂടെ താഴെ വടക്കേകെട്ടിലേക്കു പോകയല്ല. ഉമ്മറത്തേക്കു കയറി, അകത്തേക്കു കടന്നുചെന്നു വിളിച്ചു; "മാധവിഅമ്മേ:..."

ആ വിളി ഞങ്ങളുടെ വീട്ടിന്റെ അസ്ഥിവാരത്തെ പിടിച്ചു കുലുക്കി

" മാധവി തളത്തിലേക്കു വന്നു നോക്കി; കുങ്കിയമ്മ! അവൾ ഉമ്മറപ്പടിമേൽത്തന്നെ ഇരുന്നു.

"എന്റെ മോനെവിടെ? എന്റെ ഈശ്വരന്മാരേ, എന്റെ കുട്ടിയെ ഒന്നു നോക്കി കാണട്ടെ ...." കുങ്കിയമ്മ ഉദ്വേഗം കൊണ്ടു.

പന്ത്രണ്ടു വയസ്സായ രാജൻ തളത്തിലേക്കു വന്നു. ആയമ്മ അവനോടുതന്നെ ചോദിച്ചു; "കുട്ടീ, പറയൂ, എന്റെ മോനെവിടെ?"

അതെ, ആ ചോദ്യം ഈ കുടുംബത്തിന്റെ താഴ്വേരിന്മേൽ ചെന്നുകൊണ്ടു; അതറ്റു.

—0—

വി. സി. ചാക്കോ, എം. എ.

# മാററം

മാററം. തെരുതെരെയുള്ള മാററം. കണ്ണഞ്ചിക്കുന്ന മാററം. ഞൊടുന്നനവെയുള്ള മാററം. അതെ, അതാണു ഈ നൂററാണ്ടിൻെറ പ്രത്യേകത.

ഒന്നാലോചിച്ചു നോക്കുക, ഈ ഇരുപതാം നൂററാണ്ടു പിറന്നതിൽപിന്നെ ഉണ്ടായിട്ടുള്ള മാററങ്ങൾ പോലെ മററു് ഏതെങ്കിലും ഒരു നൂററാണ്ടിൽ ഉണ്ടായിട്ടുണ്ടോ എന്നു്.

ഒരു മഹായുദ്ധം ഉണ്ടാവുക, ഒരു മഹാത്മാവു് അവതരിക്കുക, അമ്പരപ്പിക്കുന്ന ഒരു ശാസ്ത്രീയ കണ്ടുപിടുത്തം ഉണ്ടാവുക, ഇതൊക്കെ എത്ര അപൂർവമായിട്ടാണു് മുൻപു സംഭവിക്കാറുണ്ടായിരുന്നതു്.

ഇക്കഴിഞ്ഞ മുപ്പതു കൊല്ലങ്ങൾക്കുള്ളിൽതന്നെ നാം രണ്ടു ലോകമഹായുദ്ധങ്ങൾ കണ്ടു. മാനസികമായി ലോകമൊട്ടുക്കു സംഭവിച്ചുകൊണ്ടിരുന്ന ചില വലിയ മാററങ്ങളുടെ പരിണതഫലങ്ങളായിരുന്നു ആ യുദ്ധങ്ങൾ എന്നു നമുക്കറിയാം. ആ യുദ്ധങ്ങൾ പല വലിയ മാററങ്ങൾക്കും നിദാനമായിട്ടുണ്ടു് എന്നുള്ളതും ഒരു വെറും പരമാർത്ഥമാണു്.

രാഷ്ട്രങ്ങളുടെയും വ്യക്തികളുടെയും ഉദയാസ്തമയങ്ങൾ ഇത്ര ദ്രുതഗതിയിൽ മറെറാരിക്കലും നടന്നിരിക്കയില്ല. അമാനുള്ളാ, അൽഫോൺസോ, അംബർട്ടോ മുതലായി കിരീടം നഷ്ടപ്പെട്ടവരും, ബാച്ചായ്സാക്കോയെപ്പോലെ എങ്ങുനിന്നോ വന്നു അൽപ്പനേരം കിരീടം ധരിച്ചുംവച്ചു് എങ്ങോട്ടോ പോയവരും, കിരീടവും സാമ്രാജ്യവും നഷ്ടപ്പെട്ടു് അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു പിന്നെയും അധികാരം കരസ്ഥമാക്കിയ എത്യോപ്യൻ ചക്രവർത്തിയെപ്പോലുള്ളവരും പ്രേമത്തിനു വേണ്ടി കിരീടം വലിച്ചെറിഞ്ഞ ഇംഗ്ലണ്ടിലെ എഡ്വേർഡ് എട്ടാമനും, ആകസ്മികമായി ജനിച്ചു് ആകസ്മികമായി നശിച്ചു പിന്നെയും രൂപംപ്രാപിച്ച ചെക്കോസ്ളോവാക്യയെപ്പോലുള്ള രാഷ്ട്രങ്ങളും ഈ അടുത്ത കാലത്താണു നമ്മെ അൽഭുതപരതന്ത്രരാക്കിയിട്ടുള്ളതു്.

പിന്നെയും ആലോചിച്ചു് നോക്കുക. അമാനുഷമായ ഭുജബലപരാക്രമത്താൽ ചരിത്രപ്രസിദ്ധി നേടിയിട്ടുള്ള ഹാനിബാൾ (247-183 ബി സി) ജൂലിയസ് സീസർ (102-44 ബി സി) ആററിലാ (? 453 എ ഡി) അലക്സാണ്ടർ നെപ്പോളിയൻ എന്നിവരെപ്പോലും നിഷ്പ്രഭരാക്കത്തക്ക പ്രഭാവത്തോടുകൂടി, മുസ്സോലിനി, ഹിററ്ലർ എന്ന രണ്ടു ധൂമകേതുക്കൾ മിന്നൽ വേഗത്തിൽ ഉദിച്ചു് അസ്തമിച്ചതും ഈ ഒരൊററ തലമുറയിലല്ലേ?

ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥാന്തരങ്ങൾക്കു കാരണം എന്താണു്? ഈ ഭൂലോകം മുഴുവൻ സ്വർഗ്ഗമായിത്തീരുന്നതിനു സഹായിക്കേണ്ട പല കാര്യങ്ങളും പുരോഗതിക്കു വിലങ്ങുതടികളായിത്തീരുന്നതെന്തു കൊണ്ടു്?

വായുവിനെക്കാൾ ഘനം കൂടിയ ഒരു യന്ത്രം ആദ്യമായി ആകാശത്തിൽ കൂടി പറന്നതു് 1903-ൽ ആണു്: ഓർവിൽ എന്നും വിൽബർ റൈററു് എന്നും പേരുള്ള രണ്ടു അമേരിക്കൻ സഹോദരന്മാർ ഈ കാര്യം സാധിച്ചപ്പോൾ അതുമൂലം ഉണ്ടാവാൻ പോകുന്ന മാററത്തിൻെറ വ്യാപ്തിയെപ്പററി അവർ ചിന്തിച്ചിരുന്നിരിക്കുമോ?

വൈദ്യുതദീപം, സിനിമാ മുതലായി മനുഷ്യോപകാരപ്രദമായ പലതും കണ്ടുപിടിച്ച എഡിസൺ (1847- 931) റേഡിയം കണ്ടുപിടിച്ച മഡാം ക്യൂറി (1867—1934) കമ്പിയില്ലാക്കമ്പി കണ്ടുപിടിച്ച മാർക്കോണി 1874-1934) റിലേററിവിററി സിദ്ധാന്തത്തിൻെറ ജനയിതാവായ ഐൻസ്റ്റീൻ, സസ്യങ്ങൾക്കു ഹൃദയസ്പന്ദനമുണ്ടെന്നു സമർത്ഥിച്ച ജെ സി ബോസ് എന്നീ മഹാരഥന്മാരും, മനുഷ്യരാശിയുടെ പരമമായ അഭ്യുന്നതിക്കു വേണ്ടി അവിശ്രാന്തം പരിശ്രമിച്ചിട്ടുള്ള ലെനിൻ, ടാഗോർ, റോമയിൻ റൊളാണ്ടു്, ബർനാഡ്ഷാ, ഗാന്ധി എന്നീ മഹാന്മാരും ഈ നൂററാണ്ടിനെ തന്നെയല്ലെ അലങ്കരിച്ചിട്ടുള്ളതു്. എന്നിട്ടും നാമീ കാണുന്ന കൊടും യാതനകളുടെ എല്ലാം അർത്ഥമെന്താണു്?

ഉള്ളവരും ഇല്ലാത്തവരും എന്നു രണ്ടുകൂട്ടർ ഉണ്ടായിരിക്കുന്നടത്തോളം കാലം ഈ അസ്വസ്ഥതകൾ തുടരുകതന്നെ ചെയ്യും എന്നതാണു പരമാർത്ഥം. മനുഷ്യനു പ്രാഥമികമായ ചില ആവശ്യങ്ങൾ ഉണ്ടു്. ആഹാരം നിദ്ര, മൈഥുനം ഇവയ്ക്കുള്ള സൗകര്യങ്ങൾ ഭൂരിപക്ഷമാളുകൾക്കും നിഷേധിക്കുക എന്നു വന്നാൽ?

ഈ ഒരു പ്രശ്നം ഇന്നു പുത്തരിയല്ല.

രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു നസറായക്കാരനായ യേശു പ്രഖ്യാപിച്ചു ഉള്ളവരും ഇല്ലാത്തവരും എന്ന വ്യത്യാസമേ പാടില്ല എന്നു. എന്നിട്ടു്?

കാലങ്ങൾ അങ്ങിനെ കഴിഞ്ഞുപോയി. ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷങ്ങളുടെ പ്രയത്നഫലങ്ങൾ ഭുജിച്ചു, സുഖിച്ചു. പ്രതിഷേധങ്ങൾ അങ്ങിങ്ങായി ഉണ്ടായിക്കൊണ്ടിരുന്നു. പക്ഷെ, നിശ്ചയദാർഢ്യത്തോടുകൂടിയ പ്രതിഷേധം ഈ നൂററാണ്ടിൻെറ ഉദയത്തോടുകൂടിയാണു് ഉണ്ടായതു്.

1903-ൽ ആണു് "ബോൾഷെവിസം" ലോകത്തിൽ ആദ്യമായി അവതരിച്ചതു്. ലെനിനായിരുന്നു ആ പ്രസ്ഥാനത്തിൻെറ ജനയിതാവു്. ബോൾഷെവിസത്തിനു സോഷ്യലിസത്തെ അപേക്ഷിച്ചുള്ള പ്രത്യേകത എന്താണു്? വിപ്ലവത്തിനുള്ള സന്നദ്ധത അതാണു ബോൾഷെവിസത്തിൻെറ ജീവൻ. 1903-ൽ റഷ്യയിൽ ഉരുത്തിക്കൂട്ടിയ മാററം എത്ര വലുതായിരുന്നു! മനുഷ്യ ചരിത്രത്തിൽ നാളതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ചു് ഏററവും വലിയ മാററം. കാൻറർബറിയിലെ ഡീൻ "സോഷ്യലിസ്റ്റ് സിക്സ്ത് ഓഫ് ദി വേൾഡ്" എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു, ഇന്നു റഷ്യയിൽ പട്ടിണികിടക്കുന്ന ഒരൊററ വ്യക്തി പോലുമില്ലെന്നു്.

ഇവ എല്ലാററിനും ഉപരിയായി അത്യൽഭുതകരമായ മറെറാരു മാററം ഉണ്ടു്—അഹിംസകൊണ്ടു് ഒരു മഹാരാജ്യം സ്വാതന്ത്ര്യം സമ്പാദിക്കുന്ന അൽഭുതകരമായ കാഴ്ച. തിന്മയെ നന്മകൊണ്ടു ജയിക്കുക എന്നു യേശുമശിഹാ ഉപദേശിച്ചു. രാഷ്ട്രീയ ഇടപാടുകളിൽ പ്രയോഗക്ഷമവും ഫലപ്രദവുമായ ഒരു പ്രവർത്തനപരിപാടിയായി അഹിംസ സ്വീകരിക്കപ്പെടുക എന്നതാണു് ഈ നൂററാണ്ടിൻെറ ഏററവും വലിയ പ്രത്യേകത. അന്തർദേശീയബന്ധങ്ങൾ സൗഹാർദ്ദതയുടെ മഞ്ജുളമായ ഈ അടിസ്ഥാനത്തിന്മേലായിരിക്കുമോ മേലിൽ പുലരുക? അങ്ങിനെ ആയിരുന്നെങ്കിൽ . . . !

മാററങ്ങൾ. അനുസ്യൂതങ്ങളായ മാററങ്ങൾ. പ്രത്യാശാഭരിതങ്ങളും അതേസമയം അസ്വസ്ഥകരങ്ങളുമായ മാററങ്ങൾ പിന്നെയും സംഭവിച്ചുകൊണ്ടിരിക്കുന്നു. വൈദ്യുതശക്തിയുടെ പ്രവർത്തനങ്ങൾ നമ്മെ അമ്പരപ്പിച്ചുകൊണ്ടിരിക്കുന്നു. ഞൊടിനേരംകൊണ്ടു് ആററമിക്ക് ശക്തി നമ്മെ അൽഭുതസ്തിമിതരാക്കി. ഉടനെ അതാ വന്നുകഴിഞ്ഞു കോസ്മിക്ക് രശ്മി. സ്വർഗ്ഗവും നരകവും ഇവയിലെല്ലാം അന്തർലീനമാണു്. ഏതുതരത്തിലുള്ള മാററമാണു് ഇനിയും ഉണ്ടാവുക എന്നതു നമ്മെത്തന്നെ ആശ്രയിച്ചിരിക്കുന്നു.


## 'തകഴി'യുടെ

### മുഴുവൻ കൃതികളും

കേരളത്തിലെ അദ്വിതീയ കഥികനായ 'തകഴി'യുടെ മുഴുവൻ കഥകളും ശേഖരിക്കണമെന്നുള്ളവർ ഉടനെ വിവരത്തിനെഴുതുക. അദ്ദേഹം ഇതുവരെ പ്രസിദ്ധംചെയ്തിട്ടുള്ള 12 ഗ്രന്ഥങ്ങളും ഇവിടെ വിൽപ്പാനുണ്ടു്. **മൊത്തംവില 15 രൂപാ.** കിട്ടിയിട്ടുള്ളവ നീക്കിയുള്ളവയാണാവശ്യമെങ്കിൽ അങ്ങനെയും അയച്ചുതരും. 10 കഥകൾവീതമുള്ള 15 പുസ്തകങ്ങൾ ധൃതിയിൽ തയാറാകുന്നു. കാലേക്കൂട്ടി ഓർഡറുകൾ അയയ്ക്കുക.

ബി.കെ.എം.പ്രസ്സ്, ആലപ്പുഴ

## ഓറിയൻറ സെൻട്രൽ ബാങ്ക് ലിമിററഡ്

### ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ:—കോട്ടയം, പാലാ, പിറവം, ഈരാററുപേട്ട, കോതമംഗലം, കുമരകം, എരുമേലി. കാളകെട്ടി, പാമ്പാടി.

### ഡയറക്ടറന്മാർ

1 മി. പി. കെ. കുര്യൻ B. A. L. L. B. അഡ്വാക്കേററ് കോട്ടയം (ചെയർമാൻ)
2 മി. റി. ജേക്കബ് പുന്നൻ B. A. തേറത്താനത്തു് കോട്ടയം.
3. മി. ജോസ് കള്ളിവയലിൽ പ്ളാൻറർ പാലാ.
4. മി. കെ. ഐ. വർക്കി കരിമ്പനാൽ പ്ളാൻറർ, കാഞ്ഞിരപ്പള്ളി.
5. മി. കെ. ജെ. ചാണ്ടി കുട്ടിപ്പറമ്പിൽ ലാൻറ ലോർഡ് വൈക്കം.
6. മി. ഇ. രാമൻമേനോൻ, പറയത്തു പറവൂർ.
7. മി. എം. സെയ്തുമുഹമ്മദു റാവുത്തർ മഠത്തിൽ കാഞ്ഞിരപ്പള്ളി.
8. മി. ഹോർമിസ് തരകൻ, അമ്പുനാട്ടുപാറായിൽ തെക്കാട്ടുശേരി.

എല്ലാവിധ ബാങ്കിടപാടുകളും വിശ്വസ്തമായ രീതിയിൽ ചെയ്തുകൊടുക്കപ്പെടും.

കെ. പി. മാത്യു എം. ഏ. എൽ. എൽ. ബി. (മാനേജിംഗ് ഡയറക്ടർ)

കെ. സി. ജോസഫ് ബി. എസ്. സി. (സെക്രട്ടറി)

K. JACOB THOMAS MEMORIAL SARVODAYA PUBLIC LIBRARY MANNARCHAT

ഗോപ.

# കൂവുന്ന പാമ്പ്

## (കോട്ടയത്തു വന്നിരിക്കുന്നു)

കോട്ടയത്തു ലോകപ്രസിദ്ധരായ പലരും വന്നിട്ടുണ്ട്. അവരെ കാണാൻ ധാരാളം ആളുംകൂടിയിട്ടുണ്ട്. എന്നാൽ ഇവരിൽ ഏററവും അടുത്തകാലത്തു ആഗതനായ വിശിഷ്ടാതിഥിയെ ഭയപ്പെട്ടതുപോലെ ഇതിനുമുൻപ് കോട്ടയത്തുകാർ ആരെയും ഭയപ്പെട്ടിട്ടില്ല. അതൊ രാജമാന്യ രാജശ്രീ കുക്കുടസർപ്പൻ (അഥവാ സർപ്പകുക്കുടൻ) കരിങ്കോളി അവർകൾ കോട്ടയത്തെ കിടുകിടാവിറപ്പിച്ചുകളഞ്ഞു.

"കൂവുന്നപാമ്പ്", കോട്ടയത്തു ജില്ലാക്കോടതിക്കുസമീപം വന്നിരിക്കുന്നു." "കരിങ്കോളി അത്യുഗ്രസർപ്പം" "സർപ്പരാജാഗമനം, ജില്ലാക്കോടതിക്കടുത്തു്" എന്നെല്ലാം കോട്ടയത്തെ പത്രങ്ങൾ വലിയക്ഷരങ്ങൾ മുഴുവൻ എടുത്തു നിരത്തി ഈ വാർത്ത പൊടിപൊടിച്ചു.

സർപ്പങ്ങളെപ്പററിയും ഈ മാതിരി അപൂർവകാര്യങ്ങളെക്കുറിച്ചും വിദഗ്ദ്ധാഭിപ്രായം പ്രകടിപ്പിക്കുന്നവരുടെ ഓണം വന്നു. ചില പ്രത്യേക ലേഖകന്മാർ പത്രരംഗത്തു ചാടിയിറങ്ങി. 1057-ലെ വെള്ളപ്പൊക്കകാലത്തു് ഈ സർപ്പരാജന്റെ മുൻഗാമികളിലൊരാൾ കുടയത്തൂർ മലയിൽനിന്നു പുറപ്പെട്ടു കോട്ടയത്തു പഴയസിമ്മനാരിക്കടവിലെത്തി പാളയമടിച്ചെന്നും അന്നു അതിനെ കാണാൻ കൂടിയവരെല്ലാം അതിന്റെ വിഷജ്വാലയേററു കറുത്തു കരിവാളിച്ചു താഴെവീണുപോയെന്നും അങ്ങനെ വീണുപോയവരുടെ കുടുംബക്കാർക്കു അന്നുമുതൽ കരിപ്പാളൻ സ്ഥാനം കിട്ടിയെന്നും ഒരു പുരാണചരിത്രാന്വേഷി പറഞ്ഞു. ത്രേതായുഗത്തിൽ ഒരുഅതിപ്രബലവാനായ പൂവൻകോഴി പറന്നു സഹ്യപർവ്വതസാനുക്കളിൽക്കൂടി വിഹരിച്ചുവെന്നുംഅന്നു് അവിടെ കാടു വാണു ഭരിച്ചിരുന്ന സർപ്പരാജാവിന്റെ മകളായ കരിനാഗിനിയേക്കണ്ടു ആ കുക്കുടവര്യൻ മോഹിച്ചുപോയി എന്നും അവരുടെ പരിണയഫലമായി കോഴിയുടെയുംപാമ്പിന്റെയും ലക്ഷണമുള്ള ആദ്യത്തെ കരിങ്കോളി ഭൂജാതനായതായും ഒരു ഐതിഹ്യഗവേഷകൻ കണ്ടുപിടിച്ചു. ഈമാതിരി പാമ്പുകൾ ഓരോന്നും ഓരോ മലയിൽകൂടി സഞ്ചരിക്കുമെന്നും ഒന്നിനെ വെടിവെച്ചാൽ അതു ഉടനെ കൂവുമെന്നും കൂവൽ കേട്ടു അടുത്ത മലയിൽ നിന്നു അതിന്റെ ഇണ ഓടി എത്തി വെടിക്കാരനെ ശരിപ്പെടുത്തുമെന്നും ഹെൽബോട്ടം എസ്റ്റേററിലെ കോലപ്പൻ സായിപ്പ് ഒരിക്കൽ ഇപ്രകാരം ഒരു കരിങ്കോളിയെ വെടിവെച്ചപ്പോഴാണു് മരിച്ചതെന്നും ഒരു വേട്ടക്കാരൻ തന്റെ കഥ അഴിച്ചിട്ടു. ലണ്ടനിലെ കാഴ്ചബംഗ്ലാവിൽ താൻ ഇതുപോലെയൊരു പാമ്പിനെ കണ്ടിട്ടുണ്ടെന്നും ഇൻഡ്യയിലുള്ള കാഴ്ചബംഗ്ലാവുകളിൽ നല്ലമൃഗങ്ങളൊന്നുമില്ലെന്നും, അത്രക്കുററിവരെ സഞ്ചരിച്ചു തിരിച്ചുവന്ന ഒരു പുളുവൻ അഭിപ്രായപ്പെട്ടു. എന്നുവേണ്ട സകലരുടെയും സംസാരവിഷയം ഈ പാമ്പിന്റെ കഥയായിത്തീർന്നു.

ഈ ഭയങ്കരജന്തുവിന്റെ കഥ കോട്ടയത്തുകാരെ വേപഥുഗാത്രരാക്കിത്തീർത്തതിൽ അത്ഭുതപെടുവാനില്ല. അര ഫർലാങ്ങുനീളവും, കമുകിന്റെ വണ്ണവും, കാറ്റേററാൽ മനുഷ്യൻ ചാകത്തക്കവിധവും ഉള്ള ഒരു ജന്തുവിനെ മനുഷ്യൻ ഭയപ്പെടരുതു് എന്നുപറയുന്നവരെ ഊളൻപാറയ്ക്കയയ്ക്കേണ്ട തല്ലേ? (ഇപ്പോൾ ഊളൻപാറേ കൂടുതൽ പ്രാധാന്യം ഉള്ള സ്ഥാപനം പോലീസുടെയിനിങ്ങ് ക്യാമ്പാണ്. അങ്ങോട്ടല്ല,) ജില്ലാക്കോടതിഭാഗത്തേക്കു പോകാൻ അഡ്വക്കേററന്മാർക്കുപോലും ഭയമായി. രാത്രിയിൽ കോഴികൂവുന്നതുകേട്ടാൽ പാമ്പു കൂവുകയാണെന്നു തെററിദ്ധരിച്ച് ആളുകൾ പേടിച്ച് കണ്ണിറുക്കിയടച്ച് പൂത്തുനിൽക്കുന്ന മരം കണ്ടാൽ അതു കരിങ്കോളിക്കുഞ്ഞുങ്ങൾ മരംനിറച്ചു കയറിയിരുന്നു് തലപൊക്കിനോക്കി വെള്ളപ്പൊക്കം കാണുകയാണെന്നു പലരും വിചാരിച്ചു വീടുവിട്ടോടി. കരിങ്കോളിയെന്നുകേട്ടാൽ കരയുന്ന കുട്ടികൾ നിശബ്ദരാകുകയും, ചിരിച്ചുകളിച്ചു നടന്ന കുഞ്ഞുങ്ങൾ ഞെട്ടികരയുകയും ചെയ്തുതുടങ്ങി.

പാശ്ചാത്യ രാജ്യത്തെങ്ങാനുമായിരുന്നുവെങ്കിൽ പത്രക്കാരും മററു വ്യവസായികളും ഇതുകൊണ്ട് എത്രപണം ഉണ്ടാക്കുമായിരുന്നു! എത്ര ലേഖകന്മാർ ഈ വിശിഷ്ട ജീവിയെപ്പററി ലേഖനങ്ങളും, എത്ര ഫോട്ടോഗ്രാഫറന്മാർ അതിന്റെ പടങ്ങളും പ്രസിദ്ധപ്പെടുത്തുമായിരുന്നു. പണ്ടു സ്ക്കോട്ടുലണ്ടിൽ ലോക്ക്നെസ്സ് എന്ന സ്ഥലത്തു കടലിൽ ഒരു വിചിത്രജീവി വന്നിരിക്കുന്നു എന്നു പറഞ്ഞ് എത്ര ലേഖകന്മാർ പണമുണ്ടാക്കി. ആ സ്ഥലത്തെ എത്ര ഹോട്ടലുകാർ കോടീശ്വരന്മാരായി, എത്ര വണ്ടിക്കാർ അഭിവൃദ്ധിപ്പെട്ടു ഈ കരിംകോളിയെക്കൊണ്ടു നമ്മുടെയാളുകൾ മുതലെടുക്കുന്നില്ലല്ലോ എന്നു ഞാൻ സങ്കടപ്പെട്ടു.

ഉദാഹരണത്തിനു്, ഈ വിശിഷ്ടജീവികളിൽ ഒരാണിനെയും പെണ്ണിനെയും പിടിച്ചു വളർത്തി അവ പെററുപെരുകുമ്പോൾ അവയുടെ കുഞ്ഞുങ്ങളെ കാഴ്ചബംഗ്ലാവുകളിലും മററും കൊടുത്തു് വിലവാങ്ങിക്കരുതോ? അതിനു് "ദി ട്രാവൻകൂർ കരിങ്കോളി ലിമിററഡ്," എന്നൊരു കമ്പനി ഫ്ളോട്ടു ചെയ്യരുതോ? നാലു ചെറുകഥകളും കരിങ്കോളിയുടെ ഒരു വിവരണവും ചേർത്തു് "അഞ്ചു ഉമ്മാക്കി കഥകൾ" എന്നു പേരിട്ട് പുരോഗമന സാഹിത്യമെന്നു പറഞ്ഞ് കുറെ പുസ്തകം ചിലവാക്കരുതോ? എന്തിനു്, ഇനി പറഞ്ഞിട്ടു എന്തു ഫലം?

ഏതായാലും ഈ ജീവിയെ നേരിൽകണ്ട് ഒരു ലേഖനത്തിനു വകയുണ്ടാക്കാൻ ഞാൻ ഇറങ്ങിത്തിരിച്ചു. വഴിയിൽ ഒരു ഓന്തു കുറുകെ ഓടിയതും, ഒരു കാക്ക പുറത്തു കാഷ്ടിച്ചതും ഞാൻ വകവെച്ചില്ല. ധൈര്യസമേതം ജില്ലാക്കോടതിക്കു വടക്കുവശമുള്ള റോഡേ മുൻപോട്ടുതന്നെ നടന്നു.

ആദ്യം കണ്ടതു പുല്ലും ചുമന്നു കൊണ്ടുവന്ന ഒരു പുലയി—എന്നു പറയാമോ എന്തോ, ഏതായാലും ഒരു പുല്ലു വില്പന തൊഴിലാളിനി—യെ കണ്ടു. "കരിങ്കോളി എവിടെയാ" എന്നു ഞാൻ അവളോട്—അല്ല, ആ സഹോദരിയോടു—ചോദിച്ചു. ആദ്യത്തെ വാക്കു കേൾക്കേണ്ട താമസം, "അയ്യോ" എന്നുപറഞ്ഞ് പുല്ലുകെട്ടും ഇട്ടുവെച്ചു അവൾ പുറകോട്ടു ഒരോട്ടം. വഴിയെപോയ രണ്ടുമൂന്നാളുകൾ അവിടെനിന്നു. രണ്ടുമൂന്നുപേർ നാലഞ്ചു പേരായും, പിന്നീടു ആറേഴായും അവിടെനിന്നു് വർദ്ധിച്ച് പത്തുപതിനഞ്ചായും പെരുകി. "പട്ടാപ്പകൽ തുടങ്ങിയോ?" എന്നായി ഒരുത്തൻ. "ഇതുങ്ങളെ വഴിയേനടത്താത്തവൻ നല്ലതു വല്ലതും വഴിയേപോയാൽ വെറുതെ വിടുമോ" എന്നായി വേറൊരുവൻ. "തൊഴിലാളിമർദ്ദനം ഇനിമേൽ നടക്കുകയില്ല" എന്നായി ഒരു സഖാവ്. ഞാൻ കുഴങ്ങി. ഓടാമോ. ഇവർ പുറകേവരും, ആൾക്കൂട്ടം വർദ്ധിക്കും, സർവ്വത്ര അലോക്യമാകും. "ഒരു മാന്യനായ പത്രലേഖകന്റെ ന്യായമായ സംശയനിവാരണത്തിനു തുനിയാതെ അകാരണമായി ഭയപ്പെട്ടു ആ സഹോദരി തൃണഭാരവും പരിത്യജിച്ചു ത്വരിതഗമനം ചെയ്തതാണെന്ന് എത്രമാത്രം ആത്മാർത്ഥമായി പറഞ്ഞാലും ആ സംഘം അതു വിശ്വസിക്കുമെന്നു എനിക്കു തോന്നിയില്ല. എന്നെ വിയർത്തു, കണ്ണും ഉണങ്ങി. ആപത്തിൽ ദൈവം തുണക്കും എന്നു പറയുന്നതു വെറുതെയല്ലാ. ആ പുൽകെട്ടിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ നിലവിളിച്ചു. അതാ കരിങ്കോളി അതിന്റെ ഫലം പൊടുന്നനവെ ഉണ്ടായി. ഉത്തരക്ഷണത്തിൽ ഞാനും പുല്ലുകെട്ടും തനിച്ചായി. സ്വല്പം കഴിഞ്ഞപ്പോൾ പുല്ലുകെട്ടുമാത്രം ആ വഴിയിൽ ശേഷിച്ചു.

പിന്നീടു ഞാൻ ചോദിച്ചതു് ഒരു പിടിവണ്ടിക്കാരൻ മത്തായിയോടാണു് അയാൾ വണ്ടിയും ഇട്ടുംവെച്ചു ഓടിയില്ലാ. റിക്ഷാക്കാരൻ വേലുവാണു അയിളോടു പാമ്പിന്റെകാര്യം പറഞ്ഞതു് വേലു കണ്ടുകാണുമ എന്നായി അയാൾ. വേലുവിനെ ഞാൻ അന്വേഷിച്ചു കണ്ടുപിടിച്ചു. അവൻ കണ്ടിട്ടില്ല. അവന്റെ വടക്കേതിലെ മറിയാമ്മ കണ്ടിട്ടുണ്ട്. മറിയാമ്മയോടു പാമ്പിന്റെ കാര്യം ചോദിക്കാൻ എനിക്കു പുല്ലുകാരിയുടെ കഥയോർത്തപ്പോൾ മടിതോന്നി. അതുകൊണ്ടു വേലുവിന്റെ റിക്ഷായിൽകയറി മറിയാമ്മയുടെ വീട്ടുവാതുക്കൽചെന്നു അവനെക്കൊണ്ടു ചോദിപ്പിച്ചു. അവർ കണ്ടിട്ടില്ല. അവിടെ കുറെക്കൂടി വടക്കുമാറി താമസിക്കുന്ന ബീഡിതെറുപ്പുകാരൻ ഭാസ്ക്കരൻ കണ്ടതായിട്ടു അവൻ കിഴക്കേതിലെ "അത്തറുമാ"നോടു പറയുന്നതു അവർ കേട്ടതേയുള്ളു. വേലുവിന്റെ സഹായത്തോടുകൂടി ഞാൻ ഭാസ്ക്കരനെ കണ്ടുപിടിച്ചു. അവനോടു പാമ്പിനെ കണ്ടതായി പറഞ്ഞതു് അവിടെയടുത്തുള്ള ഒരു വക്കീനാനാരാണ്.

"വക്കീനാനാ"രെ അന്വേഷിച്ചപ്പോൾ അയാൾ ചന്തയ്ക്കു പോയിരുന്നു. പിറേറദിവസം രാവിലെ അയാളുടെ വീട്ടിലെത്തി. അപ്പോൾ അയാൾ തന്റെ കരിമ്പുകൃഷി നോക്കാൻ പോയിരിക്കയായിരുന്നു. ആ കരിമ്പിനിടയ്ക്കെവിടെയോ ആണ് പാമ്പിനെ കണ്ടതെന്നാണ് ആ ധീരൻ പലരോടും പറഞ്ഞതു്. പാമ്പിന്റെ ആവാസസ്ഥാനത്തു കയ്യിലൊരു വടിപോലും എടുക്കാതെ തനിയെ പോയ ആ ധീരകർഷകനോട് എനിക്കു അതിയായബഹുമാനം തോന്നി. ഹിററ്ലറല്ല, ചർച്ചിലായാൽകൂടി ഇത്ര ധൈര്യം കാണുകയില്ല. കരിമ്പിനു് ഏററവും അടുത്തുനില്ക്കുന്ന അയാളെ കടിക്കാതെ എന്നെ കടിക്കാൻ ഇടയില്ലല്ലോ എന്നു വിചാരിച്ചു ധൈര്യപ്പെട്ടു ഞാനും കരിമ്പിൻകണ്ടത്തിന്റെ അടുത്തേക്കുചെന്നു.

"ഇവിടെയെങ്ങാണ്ടല്ലേ കൂവുന്ന പാമ്പിനെ കണ്ടതു്?" ഞാൻ നേരെയങ്ങു ചോദിച്ചു.

"അതേ, ഈ കരിമ്പിൻകൂട്ടത്തിലാണ്" എന്നു കൂസൽകൂടാതെ അയാൾ ഉത്തരംപറഞ്ഞു.

"ഇപ്പോഴതെവിടെ? അതിനെ ഒന്നു കാണാമോ?" പേടിയിൽ പൊതിഞ്ഞ ഒരു ജിജ്ഞാ

(ശേഷം 12-ാംപേജിൽ)

Reg. No
T. 66.

# PRASANNAKERALAM

License No. 390
Dated 15-6-1939

## സിനിമാ

സുകുമാർ

# പച്ചക്കളവുകൾമാത്രം

'പ്ളേബാക്കി'ൽനിന്നും കീർത്തിയെ ആർജ്ജിക്കുന്ന താരങ്ങളെപ്പോലെ, ലേഖനങ്ങളാകുന്ന പ്ളേബാക്കുകളാൽ കീർത്തിമാന്മാരാകുവാൻ ശ്രമിക്കുന്ന ലേഖകന്മാരുമുണ്ട്. 'മിസ്സ്' കമല, എന്ന പേരിൽ അറിയപ്പെടുന്ന ഹിന്ദിഗായക കവിക്കുവേണ്ടി ഗാനങ്ങൾ രചിക്കുന്നതു്, ഡക്കാനിലുള്ള ഒരു കുഗ്രാമത്തിലെ ചുക്കിച്ചുളിഞ്ഞ ഒരു മനുഷ്യനാണ്. ഗ്രാമങ്ങളിലെ ചില പണ്ഡിതന്മാർ എഴുതുന്ന ഒന്നാംതരം നാടകങ്ങൾ കേവലം കുറെ നാണയത്തുട്ടുകൾകൊടുത്തുവാങ്ങി, സ്വന്തം കൃതി എന്നവ്യാജേന സിനിമാകമ്പനികൾക്കു വിററു് ആയിരക്കണക്കിനു് രൂപാ സമ്പാദിക്കുന്ന സാഹിത്യകാരന്മാരെയും, ബോംബെ, കൽക്കട്ടാ മുതലായ നഗരങ്ങളിൽ കാണാം.

ഷംഷാദ്ബീഗം, അമിർബായി കർണ്ണാകി, രാജകുമാരി, മുതലായ ഹിന്ദിഗായികകളുടെ സ്വരം "വായ്പ" വാങ്ങി വെള്ളിത്തിരയിൽ ശ്രുതിമധുരമായി പാടുന്ന ദേവികാറാണി റമോള, മുംതാസ്ശാന്തി, സ്വർണ്ണലത മുതലായ താരങ്ങളെ പ്രസിദ്ധ ഗായികകളാക്കുന്ന അനേകം ലേഖനങ്ങൾ മലയാളം വാരികകളിലും സ്ഥലം പിടിച്ചുതുടങ്ങി. സാധനാബോസ്, പഹാരിസന്യാൽ തുടങ്ങിയ ബംഗാളി താരങ്ങളെ തികഞ്ഞ സഹൃദയരും ഉദാരമതികളുമാക്കുന്ന മററു ചില ലേഖനങ്ങളും കാണാറുണ്ട്. മംഗോളിയൻ മുഖച്ഛായ ഉള്ള സാധനാബോസ്, മൂക്കിന്റെ രണ്ടുവശങ്ങളിലും മാംസക്കട്ട ഉരുട്ടിവച്ച രീതിയിൽ കണ്ണുകളുള്ള രാഗിണി (ഷംസദ്ബീഗം), സൗന്ദര്യത്തിന്റെ നേരിയ ഛായപോലുമില്ലാത്ത സിത്താറ മുതലായ താരങ്ങളെ, സൗന്ദര്യരാജ്ഞിമാരെന്നു് ഘോഷിക്കുന്ന ചില ലേഖനങ്ങളും പുറപ്പെട്ടുതുടങ്ങി. ഇത്തരം ലേഖകന്മാർ തട്ടിവിടുന്ന പച്ചക്കളവുകൾക്ക് ഒരുറുതിയുമില്ല.

ഹൈദരാബാദ്കാരൻ 'ജയന്ത്', മറാട്ടാ, "സ്നേഹപ്രഭ", "പൃഥ്വിരാജ്", പാഴ്സി, "നീനാ" പട്ടാൽ "സാഹിർരാജാ" മുതലായ താരങ്ങൾ, ബംഗാൾ ബ്രിട്ടീഷ് ഭരണക്രമത്തിന്റെ ക്രൂരതയിൽ പരമദാരിദ്ര്യത്തിലാണ്ടപ്പോൾ ഉദാരമായ സംഭാവനകൾ ചെയ്തിട്ടുണ്ടെങ്കിലും, ബംഗാൾതാരങ്ങളായ സാധനബോസ്, പഹാരിസന്യാൽ, ദേവികാറാണി മുതലായവർ തങ്ങളുടെ മടിശ്ശീലയുടെ കെട്ടു് മുറുക്കുകയാണു് ചെയ്തതു്. സ്വന്തം സഹോദരങ്ങൾ പട്ടിണിയാൽ തെരുവുനീളെ മരി കിടന്നിട്ടും, ഇത്രമേൽ ക്രൂ മായ മനഃസ്ഥിതി ഉണ്ടായ ഈ താരങ്ങളെ ശക്തിയുക്തമായ ഭാഷയിൽ "സൗണ്ട്" എഡിററർ "സബാക്ക്" പഴിച്ചിട്ടും അവർ അനങ്ങിയില്ല. സാധനബോസിന്റെ ധിക്കാരപരവും, നിന്ദ്യവുമായ മറെറാരു ചരിത്രംകൂടി എഴുതാം.

ഇൻഡ്യൻ സിനിമാലോകത്തു് വളരെ പ്രശസ്തിയോടെ ശോഭിക്കുന്ന ഈ താരം 'ജയന്ത് ഫിലിം'കാരുടെ ഉർവ്വശി എന്ന ചിത്രത്തിൽ ഒരു ലക്ഷം രൂപയുടെ കരാറിന്മേൽ അഭിനയിക്കാമെന്നേററു. അനന്തരം ഈ ചിത്രത്തിൽ നടിക്കുവാനായി സാധനയെ വിളിച്ചപ്പോളെല്ലാം, ഏതെങ്കിലും ഒഴികഴിവുകൾ പറഞ്ഞു് അഭിനയപരിപാടി മാററിവയ്ക്കുവാൻ തുടങ്ങി. പ്രസ്തുത ചിത്രത്തിൽ, നാലഞ്ചുവാരത്തെ ഷൂട്ടിംഗിൽ അഭിനയിച്ചശേഷം, പഴയപടി അകന്നുനിൽക്കുവാൻ തുടങ്ങി. ഏതാനും ദിവസങ്ങൾക്കുശേഷം ജയന്ത് ഫിലിം പ്രൊപ്രൈറ്ററോട് ഒരു വാക്കുപറവാനുള്ള മര്യാദപോലുമില്ലാതെ, സാധന ബോംബയിൽ നിന്നുംകല്ക്കട്ടയ്ക്കു യാത്രയായി. പിന്നീടു് ഈ കമ്പനിക്കാർക്ക് ഭീമമായ ദ്രവ്യനഷ്ടത്തിനു് ശേഷം സുരയ്യാ" എന്ന താരത്തെലഭിച്ചു.

ഇതിലും പരിതാപകരമാണു് പ്ലേബാക്കിന്റെ നില. സ്വർണ്ണലത, മോട്ടീബായി, രേണുകാദേവി, കമലാചാറർജി, വനമാല, ഷമിം, മുംതാസ്ശാന്തി, മുതലായ താരങ്ങൾ ഒരേ സ്വരത്തിൽ പാടുന്നതായി ശ്രദ്ധാപൂർവ്വം സിനിമാ കാണുന്ന ഒരാൾക്കു തോന്നും. ഇതു വെറും തോന്നലല്ല; പരമാർത്ഥമാണു്. കടരണം, അമിർബായി കർണ്ണാകിയുടെ ഗാനത്തിലാണു്, ഈ താരങ്ങളുടെ പ്രശസ്തി നിലനിൽക്കുന്നതു്. ഈ കാരണത്താൽ ഗർവ്വംപിടിച്ച അമിർബായി ഇപ്പോൾ മ്യൂസിക്ക് ഡയറക്ടേഴ്സിന്റെ നിർദ്ദേശങ്ങൾപോലും വിഗണിക്കുന്ന ഒരു പതനത്തിലെത്തിയിരിക്കുന്നു. അമിർബായിയെ മാററി മറെറാരു ഗായികയെ പ്ളേബാക്കായി എടുക്കണമെന്നു്, ഒരു മ്യൂസിക്ക് ഡയറക്ടർ പ്രൊഡ്യൂസറോടാവശ്യപ്പെട്ടപ്പോൾ ധനാഗമനത്തിനുള്ള ഏകമാർഗ്ഗം അമിർബായിയുടെ ഗാനങ്ങളാണു് എന്നു് പ്രൊഡ്യൂസർ പറഞ്ഞു. ഇങ്ങനെ കലയേപണത്തിനു് വേണ്ടി ബലികഴിക്കുന്നു. നമ്മുടെ സിനിമാക്കമ്പനിക്കാർ!

മേൽപറഞ്ഞ പരമാർത്ഥങ്ങൾ, കെ. എ. അബ്ബാസിന്റെ "സൗണ്ട്" എഡിററർ സബാക്കിന്റെയും ചില ലേഖനങ്ങളിൽനിന്നുമാണു്. ഇതിൽനിന്നും നമ്മുടെ സിനിമാപംക്തി ലേഖകർ പച്ചക്കളവുകൾ മാത്രമാണു് തട്ടിവിടുന്നതെന്നു് ഊഹിക്കാമല്ലോ.

## "സംഗീതമപ--"

(1-ാംപേജിൽനിന്നും)

ന്തർജനത്തെ പട്ടാമ്മാളിനോടും വേണമെങ്കിൽ ഉപമിക്കാം. എം. എസ്സ്. സുബ്ബലക്ഷ്മിക്കു സമാനയായി കേരളത്തിൽ കവയിത്രിയുമുണ്ടോ ഉണ്ടെങ്കിൽ ഇനിയും വെളിപ്പെട്ടിട്ടില്ല. എവിടെയെങ്കിലും ജനിച്ചിട്ടുണ്ടെന്നു സമാശ്വസിക്കുകയെ തൽക്കാലം നിവൃത്തിയുള്ളു. (പുരോഗതിയിൽനിന്നു്)

## ജേതാക്കൾ

പൊൻകുന്നത്തിന്റെ
പുതിയ നാടകം 1-8-0
നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസ്സാർ, കോട്ടയ

## ക്രുവന്നപാമ്പ്

സ ഞാൻ വെളിയിലെടുത്തു.

"അതു എവിടെപ്പോയെന്നറിഞ്ഞുകൂടാ സാറേ. തിരുനക്കര ടൗണിൽ ജവുളി, ബ്ളാക്കുമാർക്കററിലേക്കു താഴുന്നതുപോലെ അതു എങ്ങോട്ടോപോയി ഒളിച്ചിരിക്കുകയാ"

ഈ ഉപമ എനിക്കു പിടിച്ചു. ഇയ്യാളൊരു കവിയാകേണ്ടതായിരുന്നു. ഈ മാതിരി എത്ര രത്നങ്ങൾ കരിമ്പിനിടയിലും ചാണകക്കുഴികളിലും കിടന്നു പോകുന്നു.

ഞാൻ പാമ്പിനെ കണ്ടെത്തി. ഞാൻ ചോദിച്ചു. "ഈ പാമ്പു വന്നതിൽപിന്നെ കരിമ്പൊന്നും കള്ളന്മാർ കൊണ്ടുപോകുന്നില്ല അല്ലേ?"

"അതേ കുറുക്കൻപോലും ഇപ്പോൾ തൊടുന്നില്ല."

മിടുക്കാ! നിങ്ങൾ ഒരു രാജ്യതന്ത്രജ്ഞനാകേണ്ടതായിരുന്നു! "എന്തുചെയ്യാം," ഞാൻ സഹതാപം പ്രകടിപ്പിച്ചു.

പിന്നെ, ഇതു രഹസ്യമായിരിക്കണം—പത്രത്തിലെങ്ങും എഴുതിയേക്കരുതു് എന്നു അയാൾ എന്നെ ഓർമ്മപ്പെടുത്തി.

തീർച്ചയായും, ഇല്ല എന്നു പറഞ്ഞു അയാൾ തന്ന ശർക്കരയിട്ട കട്ടൻകാപ്പിയും കുടിച്ചു ഞാൻ തിരിച്ചു പോന്നു.

## ഡിലേഴ്സ് ബാങ്ക്,

കോട്ടയം
Chitty Dept.
പ്രത്യാമാസലേലച്ചിട്ടി
ടി ബാങ്ക് ഉടമസ്ഥൻ തലയ്യാളായി 1122 മിഥുനമാസത്തിൽ ആരംഭിച്ചു് മാസത്തിൽ ഒരുതവണ വീതം നടത്തി 25തവണകൾ കൊണ്ടവസാനിപ്പിക്കുന്നതും
20രൂപവീതം 500ക. മുതലുള്ള എ
10 " 250 " ബി
5 " 125 " സി
എന്നീനമ്പരുകൾ ഉണ്ടായിരിക്കുന്നതുമാണു്.
Banking Dept.
Deposits accepted and advances made on attractive terms. All other kinds of general banking business transacted.
V. C. LUKOSE (Vetteel)
Sole Proprietor.

## നിവേദനം

പൊൻകുന്നംവർക്കിയുടെ എഴു ചെറുകഥകൾ വില 1രൂ. 8 ണ.
നാഷണൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസ്സാർ
കോട്ടയം

Printed at the Powra- Dhwany Press, Kottayam & Published by Anjiliparampil Kumaran at Kottayam.